NERVEEDHI
Volume -13, Issue - 07, 10th July 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-07, ജൂലായ് 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## ഗുരുവിനോടൊപ്പം...

പേജ് 4

# ക്രിസ്തുവിന്റെ തലയോളം വളരുക

**വീ**ണ്ടുംജനിച്ച ഒരു ശിശു, ആത്മികമായി നമ്മുടെ ഗുരുവും കർത്താവുമായ ക്രിസ്തുവിന്റെ തലയോളം വളർന്നുവരേണം എന്നുള്ളതാണ് നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതി. അതിനാൽ നാം ആത്മികമായി വളരുന്നുണ്ടോ എന്ന് നമ്മെത്തന്നെ ശോധന ചെയ്യേണ്ടത് അനിവാര്യമാണ്. പ്രാർത്ഥനയിലൂടെ ദൈവത്തോടുള്ള നമ്മുടെ സംസാരവും, വചനധ്യാനത്തിലൂടെ ആത്മാവാകുന്ന ദൈവം നമ്മുടെ ആത്മാവോടു സംസാരിക്കുന്നതും, തത്ഫലമായി നാം കർത്താവിൽ നിന്നു വെളിപ്പാട് പ്രാപിക്കുന്നതും, മറ്റുള്ളവരുടെ ആത്മികവർദ്ധനവിനായി അവരോടു സംസാരിക്കുന്നതും, നമ്മുടെ അനുഭവം ആണെങ്കിൽ ആത്മികമായി വളരുന്നു എന്നതിന്റെ പ്രത്യക്ഷ ലക്ഷണമാണത്.

ഉദാഹരണമായി ശമുവേൽ ബാലൻ ഏലിപുരോഹിതന്റെ കൂടെ ശീലോവിൽ താമസിച്ചിരുന്ന കാലം ദൈവം ശമുവേലിനെ വിളിച്ചു. അതുവരെ അമ്മയിൽനിന്നുള്ള കേട്ടറിവ് മാത്രമായിരുന്നു ദൈവത്തെക്കുറിച്ചു അവനുണ്ടായിരുന്നത്. അതിനാൽ അവൻ ഏലി പുരോഹിതനാണ് തന്നെ വിളിച്ചതെന്ന് ചിന്തിച്ചു അദ്ദേഹത്തിന്റെ അടുത്തേക്കാണ് പോയത്. ഇവിടെ ഒരു 'മെന്റർ' അഥവാ കൃത്യമായി വഴി പറഞ്ഞുകൊടുക്കുന്ന ഒരാളുടെ ആവശ്യം അവനുണ്ടായിരുന്നു. കാരണം ദൈവത്തിൽ നിന്ന് കേൾക്കുന്ന ഒരനുഭവം അതുവരെ അവനുണ്ടായിരുന്നില്ല. എന്നാൽ ഒരു കാലത്തു ഈ അനുഭവം ഉണ്ടായിരുന്ന ഏലി പുരോഹിതൻ കാര്യം മനസിലാക്കി. ഇനിയും ഇങ്ങനെ ശബ്ദം കേട്ടാൽ 'കർത്താവേ അരുളിച്ചെയ്യണമെ, അടിയൻ കേൾക്കുന്നു' എന്ന് പറയുവാനും ഉപദേശിച്ചു. നാലാം പ്രാവശ്യവും തന്നെ വിളിച്ചപ്പോൾ 'അരുളിച്ചെയ്യേണമേ, അടിയൻ കേൾക്കുന്നു' എന്ന് പ്രതിവചിച്ചു.

ദൈവം ഏലിയുടെ കുടുംബത്തോട് ചെയ്യുവാനിരിക്കുന്ന കാര്യങ്ങൾ അവനോടു അറിയിച്ചു. പ്രാർത്ഥനയിൽ ദൈവത്തോട് സംസാരിക്കുവാൻ അമ്മയിൽ നിന്ന് അഭ്യസനം ലഭിച്ചിരുന്നതനുസരിച്ചു പ്രാർത്ഥിച്ചു വന്നിരുന്ന ശമുവേലിന് ദൈവം തന്നോട് സംസാരിക്കുന്ന ഒരു പുതിയ അനുഭവം അന്നുണ്ടായി. പുലരും വരെ കിടന്നുറങ്ങിയ അവനോടു: രാവിലെ പുരോഹിതൻ 'ദൈവം എന്താണ് അരുളിച്ചെയ്തത്' എന്ന് ആരാഞ്ഞു. അവൻ ഭയപ്പെടാതെയും ഒന്നും മറച്ചു വയ്ക്കാതെയും എല്ലാം തുറന്നു പറഞ്ഞു. മറ്റുള്ളവരോട് ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്ന മറ്റൊരു പുതിയ അനുഭവവും അവനുണ്ടായി. ആത്മികവളർച്ചയുടെ തുടക്കമായിരുന്നു ഈ അനുഭവങ്ങൾ. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. സമാനമായ നൂറു കണക്കിന് ഉദാഹരണങ്ങൾ പഴയ പുതിയ നിയമങ്ങളിൽ കാണപ്പെടുന്നുണ്ട്.

ഗുരുവിനെപ്പോലെ ആയിത്തീരണമെങ്കിൽ നാമും ഗുരുവിനോടൊപ്പം വസിക്കുകയും അനുദിനജീവിതത്തിൽ ഈ അനുഭവങ്ങൾ ദൈവകൃപയാൽ പ്രാപിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ ഓർമ്മപ്പെടുത്തുന്നതാണ് ഈ ലക്കത്തിലെ സന്ദേശം.

തുടർന്നുള്ള എല്ലാ താളുകളിലും വായനക്കാരുടെ പരാമർത്ഥ മനസിനെ തട്ടിയുണർത്തുന്ന ഈടുറ്റതും ആഴമേറിയതുമായ ദൈവിക ചിന്തകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പഠന മനോഭാവത്തോടെ അപഗ്രഥിച്ചു ഗ്രഹിക്കുവാനും, ജീവിതത്തിൽ പ്രയോഗികമാക്കി അനുഗ്രഹീതരാകുവാനും ദൈവം ഏവരെയും സഹായിക്കട്ടെ.

പുസ്തകം 13 ലക്കം 7
ജൂലായ് 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ഗുരുവിനോടൊപ്പം...** 4
ജോയ് എം. തോമസ്

**മാംസം തിന്നുന്നവരും രക്തം കുടിക്കുന്നവരും!** 7
സാജു മാത്യു

**നമുക്കുള്ള മഹാപുരോഹിതൻ** 9
ചെയ്സ് ജോസഫ്

**നമ്മെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുക** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ക്രൂശിക്കപ്പെട്ട ജീവിതം** 13
വാച്ച്മാൻ നീ

**ഒരു പങ്കാളി തീർച്ചയായും ആവശ്യമാണ്** 16
അനു ഗ്രേസ് ചാക്കോ

**ഗാനപശ്ചാത്തലം** 18

**വനിതാ വീഥി** 19

**അധികാരത്തെക്കാൾ അധികമായി** 22
ഷാന്റു മാത്യു, കല്ലട

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

**സന്ദേശം**



# ഗുരുവിനോടൊപ്പം...

'ഗുരു' എന്ന് വിളിക്കപ്പെടുവാൻ യഥാർത്ഥത്തിൽ യോഗ്യനായവൻ യേശുക്രിസ്തു മാത്രമാണ്. അവിടുന്ന് കേവലം ഗുരു മാത്രമല്ല; നമ്മുടെ ഏകകർത്താവും ആകുന്നു. അപ്രകാരം കർത്താവിനെ നമുക്ക് കാണുവാനും അംഗീകരിക്കുവാനും കഴിയണം; പൂർണ്ണ മനസ്സോടെ നമുക്ക് അതിനു കഴിയണം. എങ്കിൽ മാത്രമേ നമ്മുടെ ക്രിസ്തീയ ജീവിതം അർത്ഥം ഉള്ളതാകുന്നുള്ളൂ.

യേശുവിനെ 'ഗുരു' എന്നും കർത്താവ് എന്നും അവിടുത്തെ ശിഷ്യന്മാർ വിളിച്ചിരുന്നു. അങ്ങനെ വിളിച്ചതിനെ കർത്താവ് തന്നെ ശരി വച്ചിരിക്കുന്നു; കാരണം ആ title നു അഥവാ സ്ഥാനപ്പേരിന് അവിടുന്ന് എക്കാലത്തും യോഗ്യനാണ്! 'നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവ് എന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ട് നിങ്ങൾ പറയുന്നത് ശരി'(യോഹന്നാൻ 13: 13).

ഗുരുവും കർത്താവുമായവൻ നൽകുന്ന അർത്ഥവത്തായ ഒരു ആഹ്വാനമുണ്ട്. അതിപ്രകാരമാണ് 'അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയിട്ടുള്ളവരെ, എല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എൻെറ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു'( മത്തായി 11 :28-30)

ആശ്വാസത്തിനായി കൊതിക്കുന്നവരാണ് എല്ലാവരും. എന്നാൽ അതിനായി തിരഞ്ഞെടുക്കുന്ന മാർഗങ്ങൾ ഗുണം ചെയ്യുന്നില്ല. അവരുടെ അധ്വാനഭാരം ലഘൂകരിക്കപ്പെടുന്നില്ല. അത് ഏറ്റവും നിരാശാജനകമായ ഒരു സംഗതിയാണ്. മനുഷ്യന്റെ യഥാർത്ഥ പ്രശ്നങ്ങളിലേക്ക് ആണ് യേശുകർത്താവ് വിരൽ ചൂണ്ടുന്നത്. പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ പരിഹാരമാർഗ്ഗമാണ് കർത്താവ് നിർദ്ദേശിക്കുന്നത്. നിരാശർ പ്രത്യാശയും, തളർന്നവർ ബലവും, ക്ഷീണിച്ചവർ ആശ്വാസവും പ്രാപിക്കേണ്ടതിന് തന്റെ അടുക്കലേക്ക് ചെല്ലുവാൻ യേശുകർത്താവ് ആഹ്വാനം നൽകുന്നു.

**ആശ്വാസത്തിനായി കൊതിക്കുന്നവരാണ് എല്ലാവരും. എന്നാൽ അതിനായി തിരഞ്ഞെടുക്കുന്ന മാർഗങ്ങൾ ഗുണം ചെയ്യുന്നില്ല. അവരുടെ അധ്വാനഭാരം ലഘൂകരിക്കപ്പെടുന്നില്ല. അത് ഏറ്റവും നിരാശാജനകമായ ഒരു സംഗതിയാണ്. മനുഷ്യന്റെ യഥാർത്ഥ പ്രശ്നങ്ങളിലേക്ക് ആണ് യേശുകർത്താവ് വിരൽ ചൂണ്ടുന്നത്.**

ആശ്വാസം പ്രാപിക്കുവാനുള്ള ഒരേയൊരു വഴി 'എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ' എന്ന് യേശു പറഞ്ഞതാണ്. ഒരു

യഹൂദ റബിയുടെ കീഴിൽ ന്യായപ്രമാണം അഭ്യസിക്കുന്നതിന് ശിഷ്യനായിത്തീരുന്ന വ്യക്തി ആ റബ്ബിയുടെ നുകം സ്വീകരിച്ചു എന്നാണ് അന്ന് അവർ പറഞ്ഞിരുന്നത്. ഒരു ജോടി കാളകൾക്ക് കുറുകെ അവയെ തമ്മിൽ ബന്ധിപ്പിക്കുകയും അവ വഹിക്കേണ്ട ഭാരം (ജോലി) തുല്യമായ വീതിക്കുകയും ചെയ്യുന്നതിനുള്ള തടിയാണ് നുകം എന്നത് നമുക്കറിയാം. യഹൂദ റബിയെയും ശിഷ്യനെയും ബന്ധിപ്പിക്കുന്ന നുകം മോശെ മുഖാന്തരം നൽകിയ ന്യായപ്രമാണം ആയിരുന്നു . അതിന്റെ ഭാരം അവർക്കു വഹിക്കുന്നതിനപ്പുറം ആയിരുന്നു. അത് അനുസരിക്കുവാൻ അവർ അധ്വാനിച്ചു, എന്നാൽ ഭാരം കുറഞ്ഞില്ല. എല്ലാം അനുസരിക്കുന്നവർ എന്ന് ധരിക്കുന്ന അവർ കപടഭക്തരായി മാറുകയും ഉള്ളിൽ കാഠിന്യവും നീരസവും പകയും ഉള്ള നീചരായി അധ:പ്പതിക്കുകയുമാണ് ഉണ്ടായത്.

'നുകം' ഭാരം തുല്യമായി വീതിക്കുന്നു എന്നാണ് വിവക്ഷിക്കുന്നത് എങ്കിലും തത്വത്തിൽ അങ്ങനെ ആയിരുന്നില്ല. അതുകൊണ്ട് നല്ല ഗുരുവും കർത്താവുമായ യേശു അന്നത്തെ പരീശന്മാരെയും ശാസ്ത്രിമാരെയും നിശിതമായി വിമർശിച്ചു. അവരുടെ കപടഭക്തിയെ ജനങ്ങൾക്ക് മുമ്പിൽ മറനീക്കി കാട്ടിക്കൊണ്ട് അവിടുന്ന് പറഞ്ഞു: 'അനന്തരം യേശു പുരുഷാരത്തോടും തന്റെ ശിഷ്യന്മാരോടും പറഞ്ഞത്: ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്യുവിൻ. അവരുടെ പ്രവർത്തികൾ പോലെ ചെയ്യരുത് താനും. (മത്തായി 23:14). പരീശന്മാരും ശാസ്ത്രിമാരും കഠിനഹൃദയരും അഹങ്കാരികളുമായ റബിമാർ ആയിത്തീർന്നിരുന്നു.

അധ്വാനിക്കുകയും ഭാരം വഹിച്ച് വലയുകയും ചെയ്യുന്ന നിസ്സഹായരായ ജനങ്ങളെ നോക്കി കർത്താവ് ആഹ്വാനം ചെയ്തു: 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു'. ഈ ആഹ്വാനത്തിൽ പ്രശ്നങ്ങളുടെ പരിഹാരവും ആശ്വാസവും അടങ്ങിയിരിക്കുന്നു. കഠിനവും ഭാരവും ഉള്ള നുകത്തിനു പകരം മൃദുവും ലഘുവുമായ ഒന്ന്. അത് തന്നെയല്ലേ ജനങ്ങൾ അന്വേഷിച്ചത്! അവർക്ക് ഏറ്റവും അത്യാവശ്യമായിരുന്നതും!

നല്ല ഗുരുവും കർത്താവുമായ യേശുവിനെ ജനങ്ങൾ കണ്ടതും കേട്ടതും ഏറ്റവും വ്യത്യസ്തനായ ഗുരുവായിട്ടാണ്. സുവിശേഷത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'ഈ വചനങ്ങളെ യേശു പറഞ്ഞു തീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു; അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോടു ഉപദേശിച്ചത്' (മത്തായി 7 :28,29). കാരണം യേശുകർത്താവിന്റെ വാക്കുകളും പ്രവർത്തികളും ഒന്നുതന്നെ ആയിരുന്നു. വാസ്തവത്തിൽ കർത്താവ് തന്നെ നുകത്തിന്റെ മുഴുവൻ ഭാരവും ഏറ്റെടുത്തു. കൂടെയുള്ള ശിഷ്യന് നുകം മൃദുവും ലഘുവും ആക്കിത്തീർത്തു. അതുകൊണ്ട് കർത്താവിന്റെ വചനങ്ങൾക്ക് ആധികാരികത ഉണ്ടായിരുന്നു.

'അത് ചെയ്യുന്നവൻ അതിനാൽ ജീവിക്കും' (ഗലാത്യർ 3:12) എന്നതാണ് ന്യായപ്രമാണത്തിന്റെ ഉത്ഘോഷം. അപ്രകാരം ന്യായപ്രമാണം മുഴുവൻ അനുഷ്ഠിച്ചു ജീവനു യോഗ്യതയുള്ളവൻ യേശുക്രിസ്തു മാത്രമേയുള്ളൂ. 'നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തും' (യോഹന്നാൻ 8:46) എന്ന് ചോദിക്കുവാൻ ധൈര്യവും പ്രാഗത്ഭ്യവും യേശുവിനുണ്ടായിരുന്നു. അവിടുന്ന് അനുസരണത്തിൽ തികഞ്ഞവൻ ആയിരുന്നു. നുകത്തിന്റെ മുഴുവൻ ഭാരവും വഹിച്ചവൻ. വിശുദ്ധിയിലും നീതിയിലും പൂർണ്ണനായിരുന്ന അവിടുന്ന് സൗമ്യതയിലും താഴ്മയിലും പൂർണ്ണനായിരുന്നു

'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ' നമ്മുടെ ഗുരുവും കർത്താവും ആയവന്റെ യോഗ്യത അതാണ്. കണക്കിൽ (മാത്തമാറ്റിക്സിൽ) ബിരുദാനന്തര ബിരുദവും MED/Phd ഉള്ള ഒരു ടീച്ചർ ഏറ്റവും ആധികാരികമായി പഠിപ്പിക്കുന്നത് കണക്കായിരിക്കുമല്ലോ. നമ്മുടെ ഗുരുവിന്റെ യോഗ്യത ശ്രദ്ധിച്ചോ? സൗമ്യതയും താഴ്മയും! അതിൽ അവിടുന്ന് പൂർണ്ണനാണ് അവിടത്തെ നുകം സ്വീകരിച്ച് ആ നുകത്തിൻ കീഴിൽ അഥവാ അവിടുത്തെ കർതൃത്വത്തിന് കീഴിൽ തങ്ങളെത്തന്നെ പഠിക്കുവാൻ സമർപ്പിക്കുന്നവർക്ക് പഠിക്കുവാൻ കഴിയുന്നതും സൗമ്യതയും താഴ്മയും തന്നെയാണ്. അത് ഗുരുവിനോടൊപ്പം നടക്കുമ്പോൾ, ഗുരുവിനെ കൂടുതൽ കൂടുതൽ മനസ്സിലാക്കുമ്പോൾ നമ്മിൽ വളരുന്ന സ്വഭാവ ശ്രേഷ്ഠതയാണ്.

സ്വന്തം ജീവൻ നൽകി നമ്മെ സ്നേഹിച്ച ഈ നല്ല ഗുരുവിന്റെ കർതൃത്വത്തിന് നാം കീഴപ്പെടുന്നത് സ്വമേധയാ ആണ്. അത് ഭയത്തിൽ നിന്നല്ല. പ്രത്യുത സ്നേഹത്തിൽ നിന്നുള്ള സമ്പൂർണ്ണ സമർപ്പണം ആണ്. സമ്പൂർണ്ണ അനുസരണവും കീഴപ്പെടലും! വാസ്തവത്തിൽ നല്ല ഗുരുവിനെ അനുകരിച്ചു തുടങ്ങുമ്പോൾ സ്വാഭാവികമായി നമ്മിൽ ഉളവാകുന്ന അവിടുത്തെ സ്വഭാവം! നാം അവിടുത്തോട് അനുരൂപപ്പെട്ടു കൊണ്ടിരിക്കുന്നു. അവിടുത്തെ സ്നേഹം നമ്മെ പൂർണമായും കീഴ്പ്പെടുത്തിയിരിക്കുന്നു.

അന്ത്യ അത്താഴത്തിന് മുമ്പ് തന്റെ ശിഷ്യന്മാരുടെ കാൽ കഴുകുന്ന ഗുരുവിനെ ശിഷ്യന്മാർക്ക് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അവരുടെ ചിന്തകൾക്ക് വളരെ അപ്പുറത്തായിരുന്നു അത്. യേശുകർത്താവ് അവരോട് പറഞ്ഞു: 'കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തത് പോലെ നിങ്ങളും ചെയ്യേണ്ടതിനു നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനേക്കാൾ വലിയവനല്ല. ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനല്ല. ഇത് നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ' (യോഹന്നാൻ 13 :14 17). എത്ര ഉദാത്തവും ഉത്തമവുമായ മാതൃക. എത്ര ശ്രേഷ്ഠമായ ഉപദേശം! നല്ല ഗുരുവായ കർത്താവ് തന്നെയായിരുന്നു ശിഷ്യന്മാരുടെ പാഠപ്പുസ്തകം! സൗമ്യതയും താഴ്മയും ഗുരുവിന്റെ പെരുമാറ്റത്തിലും സംസാരത്തിലും പ്രവർത്തിയിലും ശോഭയായി നിലനിന്നു.

ഗുരുവിനോടൊപ്പം അവിടുത്തെ നുകം ഏറ്റെടുത്തു നടക്കുന്നത് എത്ര വലിയ സൗഭാഗ്യമാണ്. ഗുരുവിൽ നിന്ന് പഠിച്ചാൽ നാം രൂപാന്തരപ്പെടും. നമ്മിലെ അഹങ്കാരവും നിഗളഭാവവും കാപട്യവും എന്നു തുടങ്ങിയ എല്ലാ തിന്മകളും നമ്മിൽ കുറഞ്ഞു വരും. അവിടുത്തെ സൗന്ദര്യവും താഴ്മയും തമ്മിൽ വളരും. നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം ലഭിക്കുകയും നാം ആശ്വാസകരായി നമ്മുടെ സമസൃഷ്ടികളെ ആശ്വസിപ്പിക്കുവാൻ, അവരെ ഗുരുവിന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടു വരുവാൻ പ്രാപ്തരാവുകയും ചെയ്യും.

ഇതല്ലേ ക്രിസ്തീയ ജീവിതത്തിന്റെ പൊരുൾ? പ്രിയരേ, നമുക്ക് ശാന്തമായി ചിന്തിക്കാം. നമ്മുടെ ജീവിതം ഗുരുവിനോടൊപ്പം നുകം ഏറ്റെടുത്ത് നടക്കുന്ന ജീവിതമാണോ? അതോ, നാം അധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്തു ജീവിതത്തിൽ ആശ്വാസം കണ്ടെത്തുവാൻ കഴിയാതെ വലയുകയാണോ? ഗുരുവിന്റെ അടുക്കലേക്ക് സമർപ്പണത്തോടെ വരാം. ഗുരുവിന്റെ നുകം ഏറ്റെടുത്ത് ഗുരുവിനോടൊപ്പം അവിടുത്തെ കർതൃത്വത്തിനു കീഴപ്പെട്ടു നടക്കാം. അപ്പോൾ അവിടുന്ന് നൽകുന്ന ആശ്വാസം നമുക്ക് അനുഭവമായിരിക്കും തീർച്ച. •

## വരിസംഖ്യ പുതുക്കുന്നവരുടെ ശ്രദ്ധയ്ക്ക്

ചിലരുടെ വരിസംഖ്യ അവരുടെ സ്നേഹിതരോ ബന്ധുക്കളോ സ്പോൺസർ ചെയ്തതാണ്. അങ്ങനെയുള്ള പലരുടെയും വരിസംഖ്യാകാലാവധി കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ളവർ വരിസംഖ്യ പുതുക്കി ഈ ശുശ്രൂഷയിൽ പങ്കാളികളാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. പേജ് 31-ൽ ബാങ്ക് സംബന്ധമായ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

ചിലർ വരിസംഖ്യ അടയ്ക്കുമ്പോൾ കുടിശികയുടെ കാലാവധി പരിഗണിക്കാതെ ഒരു വർഷത്തെ തുകയായ 250 രൂപ മാത്രം അടയ്ക്കുന്നു. അപ്പോൾത്തന്നെ രണ്ടോ മൂന്നോ വർഷത്തെ വരിസംഖ്യ കുടിശികയായി അവശേഷിക്കുകയും ചെയ്യുന്നു. ഓഫിസുമായി ബന്ധപ്പെട്ടാൽ നിങ്ങളുടെ വരിസംഖ്യാ കാലാവധി തീർന്ന തീയതിയും കുടിശിക തുകയും അറിയാവുന്നതാണ്.

അഡ്രസിൽ മാറ്റം വരുന്ന പക്ഷം പുതിയ അഡ്രസ് **id** നമ്പർ സഹിതം ഓഫീസിൽ അറിയിക്കണം. ഫോൺ: **94 95 43 53 36**



സാജു മാത്യു

# മാംസം തിന്നുന്നവരും രക്തം കുടിക്കുന്നവരും!

***എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹന്നാൻ 6: 56)***

**ബെ**ൻ കിംഗ്സിലിയുടെ 'ഗാന്ധി' എന്ന സിനിമയിൽ ഇന്ത്യയിലെ ബ്രിട്ടീഷ് മിഷനറിയായിരുന്ന ദീനബന്ധു സി.എഫ്. ആൻഡ്രൂസും ഗാന്ധിജിയും കസ്തൂർബയും ഒരുമിച്ചുള്ള ഒരു ട്രെയിൻയാത്രയുടെ ചിത്രീകരണമുണ്ട്. ട്രെയിനിൽ നല്ല തിരക്കാണ്. പലരും ട്രെയിനു മുകളിലിരുന്നാണ് യാത്ര... മിഷനറി ചാർലി (സി.എഫ്.ആൻഡ്രൂസ്) ട്രെയിനുള്ളിലായിരുന്നു ഇരുന്നത്. എന്നാൽ ഓടുന്ന ട്രെയിനിന്റെ മുകളിലിരുന്ന നാട്ടുകാരിൽ കൗതുകംപൂണ്ട്, ചാർലി വാതിലിൽ നിന്ന് എത്തിവലിഞ്ഞ് അവരോടു സംസാരിക്കാനാഗ്രഹിച്ചു. താനൊരു ക്രിസ്തീയ മിഷനറിയാണെന്ന് അദ്ദേഹം അവരോടു പറഞ്ഞു. അപ്പോൾ ഒരാൾ "തനിക്കു ക്രിസ്ത്യാനികളെ അറിയാം" എന്നു പറഞ്ഞു. "ക്രിസ്ത്യാനികൾ രക്തം കുടിക്കുന്നവരാണ്" നാട്ടുകാരൻ പറഞ്ഞു. ചാർലി അമ്പരന്നു നിൽക്കുമ്പോൾ, പതിയെ ചിരിച്ചുകൊണ്ട് നാട്ടുകാരൻ പറഞ്ഞു: "യേശുക്രിസ്തുവിന്റെ..." അതുകേട്ടപ്പോഴാണ് ചാർലിക്ക് ശ്വാസം നേരെ വീണത്.

അക്രൈസ്തവരിൽ നിന്ന് വന്ന വിശ്വാസികളിൽ തന്നെ നല്ലൊരു ശതമാനത്തിനും അതിന്റെ അർഥം ഇതുവരെ ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല! എന്താണു വാസ്തവത്തിൽ ഇതിനർഥം? യേശു അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ പിറ്റേന്ന് അപ്പം തിന്നവർ യേശുവിനെ അന്വേഷിച്ചെത്തുന്നു. അവരോടാണ് യേശു: എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്" (യോഹന്നാൻ 6: 54) എന്നു പറഞ്ഞത്. അപ്പം തിരക്കി വന്ന ജനത്തോട് യേശു പറഞ്ഞു: നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടു തന്നെ പ്രവർത്തിപ്പിൻ (യോഹന്നാൻ 6:27). ഇതുകേട്ട യെഹൂദന്മാർ യേശുവിന്റെ ഉപദേശത്തിലെ ഒരു വാക്കിൽ കയറിപ്പിടിച്ചു: 'പ്രവർത്തിപ്പിൻ!' (ഇതു തന്നെയാണ് ഇന്നത്തെയും പ്രശ്നം! യേശുവിനെ അറിയാതെ, യേശുവിന്റെ വാക്കുകൾക്ക് അവരവരുടെ ഇഷ്ടമനുസരിച്ച് വ്യാഖ്യാനം കൊടുക്കുക).

യേശു പറഞ്ഞു: "നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ". ജനം പറയുന്നു: ശരി... പ്രവർത്തിക്കാം! എന്തു പ്രവർത്തിച്ചാലാണ് ദൈവം പ്രസാദിക്കുക (യോഹന്നാൻ 6: 28). ദൈവത്തെ പ്രസാദിപ്പിക്കാൻ മനുഷ്യൻ പ്രവർത്തിക്കണം എന്നാണ് മനുഷ്യന്റെ ചിന്ത... മലകയറണം, വിഗ്രഹത്തിനു ചുറ്റും ഉരുളണം, ദാനധർമം ചെയ്യണം, ശരീരത്തെ പീഡിപ്പിക്കണം... എന്നിങ്ങനെ നീളുന്നു പട്ടിക. ദൈവത്തെ പ്രസാദിപ്പിക്കാൻ 'പ്രവർത്തിക്കണം' എന്നു തന്നെയാണ് ക്രിസ്തീയ മതത്തിന്റെയും ചിന്ത: ധൂപക്കുറ്റി വീശി ദൈവത്തിനു സുഗന്ധം കൊടുക്കണം, കാണിക്കയിടണം, പെരുന്നാളുനടത്തണം, തീർഥാടനം നടത്തണം...

എല്ലാം ദൈവത്തെ പ്രസാദിപ്പിക്കാനുള്ള പ്രവൃത്തികൾ.

ദൈവത്തെ പ്രസാദിപ്പിക്കാൻ 'പ്രവൃത്തി' വേണമെന്നാണ് വേർപാട് മതങ്ങളുടെയും ചിന്ത. മുട്ടിന്മേലിരുന്ന് കയ്യടിച്ച് പാട്ടുപാടണം, ദശാംശം കൊടുത്ത് ദൈവത്തെ പ്രസാദിപ്പിക്കണം, ഉപവാസമെടുക്കണം...ഇത്യാദി. പ്രവൃത്തിയിലൂടെ ദൈവത്തെ പ്രസാദിപ്പിക്കാൻ നോക്കുന്നത് ആത്മികതയല്ല, മതമാണ്. എന്നാൽ യേശു എന്താണ് പറഞ്ഞത്? "നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായി പ്രവർത്തിപ്പിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും" (യോഹന്നാൻ 6: 27). അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും! അത് പ്രവർത്തിച്ചു നേടിയെടുക്കുന്നതല്ല. രക്ഷ നാം പ്രവർത്തിച്ചു നേടിയെടുക്കുന്നതല്ല... അത് കർത്താവു നമുക്ക് തരുന്നതാണ്. നാം അത് സ്വീകരിച്ചാൽ മാത്രം മതി. എന്നാൽ പിന്നെ യേശു, 'പ്രവർത്തിപ്പിൻ' എന്നു പറയാൻ കാരണമെന്താണ്? ദൈവത്തെ പ്രസാദിപ്പിക്കാൻ നമ്മൾ ഒന്നും ചെയ്യണ്ടേ? യേശു പറഞ്ഞു: "തീർച്ചയായും വേണം. എന്നാൽ ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി, ദൈവം അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതാണ്" (യോഹന്നാൻ 6: 29). ഇവിടെ കർത്താവ് പ്രവർത്തിയെയും വിശ്വാസത്തെയും കോർത്തിണക്കിയിരിക്കുകയാണ്. അതിന്റെ വിശദീകരണമാണ് തുടർന്ന് യേശു പറയുന്നത്. ദൈവം തന്നെ 'അയച്ചു'വെന്നും ജനങ്ങൾ അവനെ 'വിശ്വസിക്കണ'മെന്നുമാണ്.

എങ്ങനെ വിശ്വസിക്കണം? സ്വാഭാവികമായും നമ്മുടെ ഉത്തരം യേശുവിനെ ദൈവം അയച്ചുവെന്ന് വിശ്വസിക്കണം എന്നാവും. അതു തന്നെയാണ് യെഹൂദന്മാരും മനസിലാക്കിയത്. അതിനാൽ അവർ ചോദിക്കുന്നു: "ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിനു നീ എന്ത് അടയാളം ചെയ്യുന്നു?" (യോഹന്നാൻ 6: 30). ഇവിടെയാണു പ്രശ്നം! വിശ്വാസത്തിനു പിൻബലമാകേണ്ടതിനു അവർ ആവശ്യപ്പെടുന്നത് പുറമെയുള്ള ഒരു കാഴ്ചയാണ്. എന്നാൽ, കണ്ടു വിശ്വസിക്കുന്നത് യഥാർഥത്തിൽ വിശ്വാസമേയല്ല! കാഴ്ചയ്ക്കപ്പുറത്താണ് വിശ്വാസം! അത് യെഹൂദർ മനസിലാക്കിയില്ല. അവർ ചോദിക്കുന്നു: "ഞങ്ങൾ മോശെയെ വിശ്വസിച്ചത് 'കണ്ട്' ആണ്. നമ്മുടെ പിതാക്കന്മാർക്ക് മോശെ 'സ്വർഗത്തിൽ നിന്ന്' (മുകളിൽ നിന്ന് താഴോട്ട്) മന്ന കൊടുത്തു (യോഹന്നാൻ 6: 31). നീ ഇന്നലെ ആകാശത്തുനിന്ന് അപ്പം വീഴ്ത്തിയില്ലല്ലോ! വെറുതെ വാഴ്ത്തി നുറുക്കിക്കൊടുക്കുകയായിരുന്നില്ലേ? നീയും ആകാശത്തുനിന്ന് അപ്പം... എങ്ങനെയുണ്ട് യെഹൂദന്മാരുടെ മനസ്സ്. യേശു പറഞ്ഞു: ആ അപ്പം ഞാൻ തന്നെയാണ്, സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം. ലോകത്തിന് ജീവനെകൊടുക്കുന്ന അപ്പം ( യോഹന്നാൻ 6: 33). 'ഞാൻ ജീവന്റെ അപ്പം ആകുന്നു" (യോഹന്നാൻ 6: 35). സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു (യോഹന്നാൻ 6: 51)."താൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നു" എന്ന് യേശു പറഞ്ഞത് യെഹൂദന്മാർക്ക് അസഹനീയമായിരുന്നു (യോഹന്നാൻ 6: 41). 'ഇവൻ യോസേഫിന്റെ പുത്രനായ യേശുവല്ലേ? ഇവന്റെ അപ്പനെയും അമ്മയെയും നമുക്കറിയാം... പിന്നെ ഇവൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നു എന്നു പറയുന്നത് എന്ത്?" (യോഹന്നാൻ 6: 42). ഇവിടെയാണു വിശ്വാസവും കാഴ്ചയും തമ്മിലുള്ള വൈരുധ്യം. യേശു യോസഫിന്റെ പുത്രൻ എന്നത് കാഴ്ചയാണ്. ദൃശ്യ യാഥാർഥ്യം. എന്നാൽ, യേശു ദൈവപുത്രൻ എന്നത് അദൃശ്യ യാഥാർഥ്യമാണ്. യേശുവിനെ ദൈവപുത്രനായി അറിയുന്നതാണ് വിശ്വാസം... അത് 'ബുദ്ധി' യിൽ അറിയാൻ പറ്റില്ല. കാരണം, അത് ദൃശ്യ യാഥാർഥ്യമല്ല, ആത്മ യാഥാർഥ്യമാണ്. അത് ആത്മാവിലേ അറിയാൻ കഴിയൂ. ബുദ്ധിക്കു കാഴ്ച വേണം. ആത്മാവിലേ വിശ്വസിക്കാൻ പറ്റൂ... അതുകൊണ്ടാണു യേശു പറയുന്നത് 'പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയില്ല" (യോഹന്നാൻ 6:44)എന്ന്.

ആത്മാവിൽ ദൈവത്താൽ സ്പർശിക്കപ്പെടാതെ വിശ്വാസം അസാധ്യം! 'നിത്യജീവൻ' ആത്മ യാഥാർഥ്യമാണ്. നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരവും ആത്മ യാഥാർഥ്യമാണ്. പിതാവിനാൽ ആകർഷിക്കപ്പെടാതെ ആത്മാവിൽ ഈ യാഥാർഥ്യങ്ങൾ നമുക്കു തിരിച്ചറിയാൻ കഴിയില്ല.യേശുവിന്റെ വാക്കുകൾ യെഹൂദന്മാരെ അമ്പരപ്പിച്ചുകളഞ്ഞു. 'സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു... ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസമാകുന്നു' (യോഹന്നാൻ 6: 51). 'നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# നമുക്കുള്ള മഹാപുരോഹിതൻ

**സകലവും അറിയുന്ന ദൈവം (എബ്രായർ 4:13)**

കഴിഞ്ഞ ലക്കത്തിൽ നാം പഠിച്ചത് ദൈവ വചനം ഇരുവായ്ത്തല ഉള്ള മറ്റെല്ലാ വാളിനേക്കാളും മൂർച്ച ഏറിയ ഒരു വാളായി നമ്മെത്തന്നെ വിവേചിക്കുന്നത് എങ്ങനെയാണെന്നാണ്. അടുത്ത വാക്യത്തിൽ പറയുന്നു; ദൈവത്തിന്റെ കണ്ണിനു ഒന്നും മറഞ്ഞിരിക്കുന്നില്ല. സകലവും നഗ്നവും മലർന്നതുമായി കിടക്കുന്നു എന്ന്. ഹൃദയത്തിന്റെ ചിന്തകൾ, ഉദ്ദേശ്യങ്ങൾ, ഒന്നും ദൈവത്തിൽ നിന്നും മറച്ചു വയ്ക്കാൻ സാധ്യമല്ല. വചനം എങ്ങനെ നമ്മെ ശോധന ചെയ്തു കീറിമുറിച്ചു വെളിപ്പെടുത്തുന്നു എന്ന് നാം കണ്ടുവല്ലോ. ദൈവത്തിന്റെ ആത്മാവിനും നമ്മെ പൂർണ്ണമായും വിവേചിക്കുവാനും ശോധന ചെയ്യാനും കഴിയും.

ഒരു സൃഷ്ടിക്കും ദൈവത്തിൽ നിന്നും മറഞ്ഞിരിക്കാൻ സാധ്യമല്ല. അങ്ങനെ നമ്മുടെ ഉള്ളിലെ ഓരോ വിചാരങ്ങളും നിരൂപണങ്ങളും സകലവും അറിയുന്ന ദൈവവും ആയാണ് നമുക്ക് ഇടപെടുവാനുള്ളത്. മനുഷ്യർ എങ്ങനെ ചിന്തിക്കുന്നു എന്നുള്ളത് അപ്രസക്തമാണ്. കാരണം അവർക്കു നമ്മുടെ ഉള്ളങ്ങളെ അറിയില്ല. എന്നാൽ ദൈവത്തിനു മുമ്പിൽ ചെല്ലുമ്പോൾ നാം എത്ര സമർത്ഥമായി മൂടി വച്ച കാര്യങ്ങളും വെളിപ്പെട്ടു വരും. ഇങ്ങനെ ഉള്ള ഒരു സാഹചര്യത്തിൽ മനുഷ്യരായ ആർക്കും നമുക്ക് വേണ്ടി വാദിക്കാൻ കഴിയുകയില്ല. ഏതു മനുഷ്യൻ ശുപാർശ ചെയ്താലും ദൈവം അത് പരിഗണിക്കുകയില്ല. കാരണം ശുപാർശ ചെയ്യുന്നവനും അതുപോലെ തന്നെ പാപി ആണ്. അതുകൊണ്ട് നമുക്ക് ഒരു മഹാപുരോഹിതൻ ആവശ്യമായി വന്നാൽ അവിടുന്ന് നമ്മെ ശരിക്കും ശോധന ചെയ്യുന്നവനും അതേസമയം, നമ്മോടുസഹതാപം കാണിക്കാൻ കഴിയുന്നവനും ആകേണ്ടത് ആവശ്യമാണ്. ക്രിസ്തു എങ്ങനെ നമുക്ക് എല്ലാം തികഞ്ഞ ഒരു മഹാപുരോഹിതൻ ആയിരിക്കുന്നു എന്നാണ് തുടർന്നുള്ള വചനങ്ങൾ വെളിപ്പെടുത്തുന്നത്.

**ഉയരത്തിൽ നിന്നും വന്ന് ഉയരത്തിലേക്ക് പോയ ക്രിസ്തു: (എബ്രായർ 4: 14)**

ദൈവപുത്രനായ യേശുക്രിസ്തു ആകാശത്തിൽ കൂടെ കടന്നു പോയ ഒരു മധ്യസ്ഥനായി നമുക്കുണ്ട്. അതായതു, കർത്താവു ഭൂമിയിൽ നിന്നുള്ള ആളല്ല. നമ്മെപ്പോലെ ഒന്നും അറിയാത്തവനല്ല. ഉയരത്തിൽ നിന്നും വന്നു, ഉയരത്തിലേക്ക് പോയ ആളാണ്. ഈ വാക്യം പൂർണ്ണമായും യേശുക്രിസ്തുവിന്റെ ദൈവത്വത്തെ ആണ് സൂചിപ്പിക്കുന്നത്. യേശുക്രിസ്തു എല്ലാം അറിയുന്ന ദൈവം ആയതുകൊണ്ടും അവന്റെ മുമ്പിൽ എല്ലാം നഗ്നവും തുറന്നതും ആയി കിടക്കുന്നതുകൊണ്ടും, എന്റെ മനസ്സിന്റെ അടിത്തട്ടിൽ ഞാൻ തന്നെ ഒതുക്കി വച്ചിട്ടുള്ള എല്ലാ രഹസ്യങ്ങളും അറിയുന്നവൻ ആയതുകൊണ്ടും, ദൈവത്തിന്റെ മുൻപിൽ എനിക്ക്വേണ്ടി അപേക്ഷിക്കുവാൻ യേശുക്രിസ്തുവിനു കഴിയും.

എല്ലാം അറിയുന്ന പിതാവിന് മുന്നിൽ എനിക്കായി എല്ലാം അറിയുന്ന കർത്താവു തന്നെ ആണ് ചെന്ന് നിൽക്കുന്നത്. നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങളും ചിന്തകളും ആരും അറിയുന്നില്ലെങ്കിൽ നാം എല്ലാവരും തന്നെ വളരെ നല്ലവരാണ്. വേറൊരു രീതിയിൽ പറഞ്ഞാൽ, നാം ആരും അത്ര മോശക്കാരല്ല. പക്ഷെ മനസ്സിന്റെ അകത്തുള്ള രഹസ്യങ്ങൾ വെളിപ്പെടുമ്പോൾ ആണ് നാം എത്ര മോശം ആണെന്ന് മറ്റുള്ള

വർ ഗ്രഹിക്കുന്നത്. അതുകൊണ്ട് നമ്മുടെ അകത്തെ ചിന്തകൾ അറിയാത്ത ഒരു മധ്യസ്ഥനു, എല്ലാം അറിയുന്ന ദൈവത്തിനു മുന്നിൽ നമ്മെ പ്രതിനിധീകരിക്കാൻ കഴിയുകയില്ല. പ്രതിയായ എനിക്കു വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ ഒന്നും അറിയാതെ എനിക്കനുകൂലമായി വാദിക്കുമ്പോൾ എന്നെ കുറിച്ച് എല്ലാം അറിയുന്ന ഒരു ജഡ്ജി അതു കേട്ടുകൊണ്ടിരിക്കുന്നത് ഒന്ന് ആലോചിക്കുക. അതുകൊണ്ട് ദൈവം പറയുന്നു: മോശെയും ശമൂവേലും എന്റെ മുമ്പാകെ നിന്നാലും എന്റെ മനസ്സു ഈ ജനത്തിങ്കലേക്കു ചായ്കയില്ല... അവർ പോയ്ക്കൊള്ളട്ടെ. (യിരെമ്യാവ് 15:1 ). മോശെയും ശമുവേലും ചെന്ന് ഈ ജനത്തിന് വേണ്ടി വാദിക്കുമ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നം അവർക്കു ആർക്കും കാണാൻ കഴിയാത്തതും എന്നാൽ ദൈവം എപ്പോഴും കണ്ടു കൊണ്ടിരിക്കുന്നതുമായ മനുഷ്യന്റെ പാപ സ്വഭാവം ആണ്. ഈ മധ്യസ്ഥരും പാപികളായിരുന്നു. ഇത് വളരെ ദയനീയമായ ഒരു സ്ഥിതി ആണ് ഉളവാക്കിയത്. അതുകൊണ്ട് ദൈവം തന്നെ എനിക്ക് മധ്യസ്ഥനായി വരേണ്ടത് ആവശ്യം ആയിരുന്നു. അതല്ലാതെ ഒരു വഴിയും ഉണ്ടായിരുന്നില്ല. വചനം തന്നെ ജഡാവതാരം എടുത്തു എനിക്കുവേണ്ടി ഇറങ്ങി വരികയും അവിടുന്ന് പാപത്തെ ജയിച്ചവനായി, എന്നെക്കുറിച്ചു എല്ലാം അറിയുന്നവനായി എനിക്കുവേണ്ടി വാദിക്കാൻ ദൈവത്തിനു മുന്നിൽ നിൽക്കുകയും ചെയ്യുന്നു.

**കരുണ കാണിക്കുന്ന ദൈവം: (എബ്രായർ 4: 15)** എന്റെ ദുഷ്ടസ്വഭാവവും ദൈവത്തോടുള്ള ശത്രുത്വവും അറിയുന്ന ദൈവത്തിനു എങ്ങനെ ആണ് എന്റെ പക്ഷം നിൽക്കുവാൻ സാധിക്കുക? ദൈവത്തിന്റെ നീതി എന്നെ അപ്പോൾത്തന്നെ നശിപ്പിച്ചു കളയാൻ നിർബന്ധിതമാവില്ലേ? കാരണം അത്രത്തോളം ശത്രുത്വം ആണ് മനുഷ്യന് ദൈവത്തോടുള്ളത്. ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥത വഹിക്കുവാൻ ഇറങ്ങിവന്ന ദൈവപുത്രനെ മനുഷ്യർ എന്താണ് ചെയ്തത്? മനുഷ്യർ ദൈവത്തെ എത്ര മാത്രം വെറുക്കുന്നു എന്നും, എന്തുമാത്രം ശത്രുത്വം ഉള്ളിൽ ഒളിപ്പിച്ചിരിക്കുന്നു എന്നും മനുഷ്യർ വെളിപ്പെടുത്തി. ഈ ദുഷ്ടരെ സംഹരിച്ചു കളയാതിരിക്കാൻ ദൈവത്തിനു എങ്ങനെ സാധിക്കും? ഒരുപക്ഷെ ഇത് വായിക്കുന്ന നിങ്ങളിൽ പലരും ചിന്തിച്ചേക്കാം. എനിക്ക് പണ്ടുതൊട്ടേ ദൈവത്തെ ഇഷ്ടമാണ്, സ്നേഹമാണ്, യേശുവിനെ വിസ്തരിക്കുന്ന വേളയിൽ അവിടെ കൂടിയിരുന്ന പുരുഷാരത്തിനിടയിൽ ഞാനുണ്ടായിരുന്നു എങ്കിൽ ഒരിക്കലും 'അവനെ ക്രൂശിക്ക' എന്ന് നിലവിളിക്കുകയില്ലായിരുന്നു എന്നൊക്കെ. എന്നാൽ അത് തികച്ചും തെറ്റായ ഒരു വിശകലനം ആണ്. നാമും അങ്ങനെ തന്നെ നിലവിളിക്കുമായിരുന്നു. അന്ന് യേശുവിനെ ക്രൂശിക്ക എന്ന് ആർത്തവർ നമ്മുടെ പ്രതിനിധികൾ തന്നെ ആണ്.

എന്നാൽ ഇത്രയും ദുഷ്ടരായ നമ്മോടു ദൈവം എന്ത് അടിസ്ഥാനത്തിലാണ് കരുണ കാണിക്കുന്നത്? അതിന്റെ ഉത്തരമാണ് ഈ വാക്യത്തിൽ കാണുന്നത്. യേശുകർത്താവ് നമ്മെ നന്നായി അറിയുന്ന, നമ്മെ ന്യായം വിധിക്കാനുള്ള എല്ലാ അധികാരവും ഉള്ളവനായിരിക്കുമ്പോൾ തന്നെ നമ്മോടു സഹതാപം കാണിക്കാനും കഴിയുന്നവനാണ്. ഇതാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം നമുക്കായി നേടിത്തന്നത്! അതായത് ദൈവത്തിനു നമ്മോടുള്ള സഹാനുഭൂതി. സ്നേഹം എന്ന വാക്ക് ഇവിടെ ഉപയോഗിക്കാൻ പറ്റില്ല. കാരണം സ്നേഹം ഒരിക്കലും ഏതെങ്കിലും സാഹചര്യത്തിലുണ്ടാവുന്ന ഒരു വികാരമല്ല, ദൈവത്തിന്റെ സ്ഥായിയായ സ്വഭാവമാണ്. എന്നാൽ സഹാനുഭൂതി എന്നത് താദാത്മ്യത്തിൽ നിന്നും ഉണ്ടാവുന്നതാണ്. സഹ അനുഭൂതി ആണ് സഹാനുഭൂതി. പാപം കൂടാതെ തന്നെ നമ്മുടെ പ്രകൃതം സ്വീകരിച്ച കർത്താവിനു നമ്മുടെ ബലഹീനതകൾ എല്ലാം മനസ്സിലാവും. അത് നമ്മുടെ അതേ വീക്ഷണകോണിൽ നിന്നും മനസ്സിലാവും. ഈ സഹാനുഭൂതി യേശുക്രിസ്തുവിനെ ഏറ്റവും പരിപൂർണ്ണനായ ഒരു മധ്യസ്ഥനാക്കി മാറ്റിയിരിക്കുന്നു.

നമ്മോടു സഹതാപം കാണിക്കാൻ കഴിയുന്ന ഏകമധ്യസ്ഥനായി കർത്താവു മാറിയത് എല്ലാത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു കൊണ്ടാണ്. പക്ഷെ ഇവിടെ ഒരു പ്രയോഗം നാം മലയാളം വേദപുസ്തകത്തിൽ കാണുന്നത് ഇങ്ങനെ ആണ്. 'പാപം ഒഴികെ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു'. സാധാരണ ഗതിയിൽ നമുക്ക് ഒരു സംശയം ഉണ്ടാവാം. പാപം ഒഴികെ സകലത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടാൽ അത് എങ്ങനെ ശരിക്കും ഒരു പരീക്ഷണം ആവും. നമ്മോടു സഹതാപം കാണിക്കാൻ പിന്നെ എങ്ങനെ കഴിയും? ഇവിടെ

ശേഷം പേജ് 28 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# നമ്മെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയുക

നമ്മെക്കുറിച്ചുള്ള ദൈവഹിതം എന്തെന്ന് നാം എങ്ങനെയാണ് കണ്ടുപിടിക്കുക? ദൈവം നമ്മെ ഓരോരുത്തരെയും നിസ്തുലജീവികളായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. നമ്മെപ്പോലെ വേറെയാരെയും ദൈവം സൃഷ്ടിച്ചിട്ടില്ല. ഇനിയൊട്ടു സൃഷ്ടിക്കുകയുമില്ല. സാധാരണ മാതൃകയിൽ നിന്നു വ്യത്യസ്തമായിട്ടാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. നാം ഓരോരുത്തരും വ്യത്യസ്തരായതിനാൽ നമ്മുടെ സംഭാവനകളും വ്യത്യസ്തമായിരിക്കും. നമ്മുടെ ജീവിതത്തെപ്പറ്റി ദൈവത്തിനു വ്യക്തമായ പദ്ധതിയുണ്ട്. ആ പദ്ധതിയെന്തെന്ന് നാം മനസിലാക്കണം. മനസിലാക്കിയ ശേഷം ദൈവിക നടത്തിപ്പിന് പരിപൂർണ്ണമായി വിധേയപ്പെടണം.

നമ്മുടെ സഹായം ആവശ്യമായിരിക്കുന്ന കർമ്മമേഖല ഏതെന്നു ദൈവത്തോട് ആലോചന ചോദിക്കുക. സഭയിലെ ഓരോ വിശ്വാസികൾക്കും ഉണ്ടാകുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും നമ്മുടെ ഓരോരുത്തരുടെയും ശ്രദ്ധയ്ക്ക് പാത്രീഭൂതമാകണം. ഇവയിലേതൊക്കെയാണ് നമ്മുടെ നിയോഗങ്ങളെന്നു തിരിച്ചറിയണം.അതേപ്പറ്റി കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിയണം. അതിനെക്കുറിച്ച് മറ്റുള്ളവരോട് ആലോചന ചോദിക്കാം. എന്നിട്ടും അക്കാര്യം വിടാതെ നമ്മെ ആകർഷിക്കുകയും ഹേമിക്കുകയും ചെയ്യുന്നുവെങ്കിൽ അതായിരിക്കും നാം ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്ന ശുശ്രൂഷ.

ദൈവം നമ്മെ നയിക്കുന്നത് എങ്ങനെയാണ്? പല മാർഗങ്ങളിൽക്കൂടി കർത്താവ് നമ്മെ നടത്തുന്നു. ദൈവം നമുക്കു പൊതുവായ നടത്തിപ്പ് നൽകുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തിലും ഉപദേശത്തിലും മാതൃകയിലും കൂടിയാണ്. ദൈവത്തിന്റെ വെളിപ്പാടാണ് യേശു. ദൈവം എങ്ങനെയുള്ളവനെന്നും, നമുക്ക് എങ്ങനെയുള്ളവരായിത്തീരുവാൻ കഴിയുമെന്നും യേശു കാണിച്ചുതന്നു. അതുകൊണ്ട് എന്താണു ചെയ്യേണ്ടതെന്ന് അറിയാൻ കഴിയാതെ നാം വിഷമിക്കുമ്പോൾ യേശു എന്തു ചെയ്യുമായിരുന്നു എന്നു കണ്ടുപിടിച്ച് അതു ചെയ്യുക. നാം തെറ്റിപ്പോകയില്ല. യേശുവിന്റെ ജീവിതത്തിൽനിന്നും സ്വഭാവത്തിൽനിന്നും ഉപദേശത്തിൽനിന്നും വ്യത്യസ്തമായി നമ്മെ നടത്തുവാൻ ദൈവത്തിനു സാധിക്കുകയില്ല.

ദൈവത്തിൽനിന്നും ഒരു ശുശ്രൂഷ നാം സ്വീകരിക്കുമ്പോൾ ആ ലക്ഷ്യത്തിലേക്കു നീങ്ങുവാനുള്ള ശക്തിയും ശ്രദ്ധയും ദൈവം നമുക്കു തരും. ആ പ്രവർത്തനത്തിൽ നാം വിജയിക്കുന്നോ പരാജയപ്പെടുന്നോ എന്നുള്ള കാര്യം താരതമ്യേന അപ്രധാനമാണ്. ദൈവം നമുക്കു നൽകുന്ന ഏതു വിളിക്കും വിശ്വസ്തരായിരിക്കുക എന്നുള്ളതാണ് പ്രധാന കാര്യം. നമ്മെക്കുറിച്ചുള്ള ദൈവഹിതം എന്താണെന്നു ഗ്രഹിച്ച് അതു സ്വീകരിക്കാൻ കഴിഞ്ഞാൽ അതിൽ പരാജയപ്പെടുവാൻ സാധ്യതയില്ല ദൈവഹിതത്തിൽനിന്ന് അന്യപ്പെട്ടു വിജയം കൈവരിക്കുവാനും നമുക്കു കഴിയുകയില്ല. ദൈവഹിതമാണ് നമുക്ക് ഏറ്റവും കരണീയമായിട്ടുള്ളത്, അതാണു നമുക്ക് ഏറ്റവും ഉന്നതമായ സ്വാതന്ത്ര്യവും നൽകുന്നത്.

ഉത്തമന്മാരായ ദൈവമക്കളുടെ ആലോചനയിലൂടെ ദൈവം നമ്മെ നടത്തുന്നു. അവരിൽനിന്നുള്ള ഒരു സൂചനയോ, വാക്കോ, ആശയമോ കിട്ടിക്കഴിയുമ്പോൾ നമ്മുടെ വഴി തുറന്നു കിട്ടുന്നതായി നമുക്ക് അനുഭവപ്പെടും. എന്നാൽ മറ്റുള്ളവരുടെ അഭിപ്രായം അന്തിമമായ തീരുമാനമായി നാം സ്വീകരിക്കേണ്ടതില്ല. തിരഞ്ഞെടുക്കേണ്ടത് നാം തന്നെയാണ്. മറ്റുള്ളവരുടെ അഭിപ്രായം കേട്ടാലും അതു പരിഗണിച്ച് ഒരു തീരുമാനത്തിൽ എത്തേണ്ടത് നാം ഓരോരുത്തരുമാണ്.

നാം നേരിടുന്ന ആവശ്യങ്ങളിലൂടെ ദൈവം നമ്മെ നടത്തുവാൻ ശക്തനാണ്. ഒരു ആവശ്യം നമ്മുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു എന്നു കരുതുക. നമ്മുടെ ജീവിതവും അതിനു മുമ്പിലുണ്ട്. ആ ആവശ്യം നിവർത്തിക്കുന്നതിന് എന്റെ ജീവിതവും പര്യാപ്തമായിരിക്കാം എന്ന തോന്നൽ നമുക്ക് ഉണ്ടാകാം. അപ്പോൾ ആവശ്യം നമുക്ക് ഒരു വിളിയായിത്തീരാം. നമ്മുടെ വികസിച്ച ധാർമിക ബുദ്ധിയിൽക്കൂടെയും നമ്മെ നടത്തുവാൻ കഴിവുള്ളവനാണ്. സത്യം എന്തെന്ന് വിധിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ലേ? എന്ന് യേശു കർത്താവ് ഒരിക്കൽ ചോദിക്കുകയുണ്ടായി. ശരിയായ ക്രിസ്തീയ തീരുമാനങ്ങളിൽ നാം എത്തിച്ചേരണമെന്ന് കർത്താവ് നമ്മെക്കുറിച്ചു പ്രതീക്ഷിക്കുന്നു. പരിശുദ്ധാത്മാവിനാലും ദൈവവചനത്താലും വിവേചിച്ചു ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു ദൈവത്തിലാശ്രയിക്കുകയാണ് നാം ചെയ്യേണ്ടത്.

തിരുവെഴുത്തുകളിലൂടെയും വചനപ്രഘോഷണത്തിലൂടെയും ദൈവദാസന്മാരിലൂടെയും നമ്മുടെ മന:സാക്ഷിയിലൂടെയും ദൈവം നമ്മോട് സംസാരിക്കുകയും വഴി നടത്തുകയും ചെയ്യും. ഉള്ളിലെ ദൈവശബ്ദമാണല്ലോ മന:സാക്ഷിയിലൂടെ മുഴങ്ങിക്കേൾക്കുന്നത്. എല്ലായ്പോഴും ഈ ആന്തരിക ശബ്ദത്തിൽക്കൂടി ദൈവം നമ്മെ നയിക്കുന്നുവെന്നു പറയുവാൻ സാധിക്കുകയില്ല. ദൈവം നമ്മെ നയിക്കുന്നുവെങ്കിലും നമ്മുടെ മേൽ ഒന്നും അടിച്ചേൽപ്പിക്കുന്നില്ല. ഉറച്ച വിശ്വാസമുള്ള ഉറച്ച ആളത്വങ്ങളായി നമ്മെ ആക്കിത്തീർക്കുവാനാണ് ദൈവം ശ്രമിക്കുന്നത്. നമ്മുടെ ഉപബോധമനസിന്റെ ശബ്ദത്തിൽനിന്ന് ദൈവത്തിന്റെ ശബ്ദം തിരിച്ചറിയുവാൻ നമുക്ക് എങ്ങനെ സാധിക്കും? നമ്മുടെ ഉപബോധമനസിന്റെ ശബ്ദം നമ്മോട് സംസാരിക്കുന്നു. ദൈവത്തിന്റെ ശബ്ദം നമ്മോട് വാദപ്രതിവാദത്തിനു മുതിരാതെ

**ചില കാര്യങ്ങളോട് വൈകാരികമായി നാം ഏറെ അടുത്തിരിക്കുമ്പോൾ നാം മനസിൽ ആഗ്രഹിക്കുന്ന ശബ്ദം ദൈവശബ്ദമാണെന്നു നമുക്കുതോന്നിയേക്കാം. പലപ്പോഴും അത് ദൈവശബ്ദമായിരിക്കുകയുമില്ല.**

നേരിട്ട് മൃദുലമായ സ്വരത്തിൽ നമ്മോട് ഇടപെടുകയാണു ചെയ്യുക. അങ്ങനെ ദൈവത്തിന്റെ ശബ്ദവും ഉപബോധ മനസിന്റെ ശബ്ദവും തമ്മിൽ തിരിച്ചറിയുവാൻ നാം കഴിവുള്ളവരായിത്തീരും.

ഉപബോധ മനസിൽ കേൾക്കുന്ന ശബ്ദം എപ്പോഴും ദൈവശബ്ദമായി നാം തെറ്റിദ്ധരിക്കരുത്. ചില കാര്യങ്ങളോട് വൈകാരികമായി നാം ഏറെ അടുത്തിരിക്കുമ്പോൾ നാം മനസിൽ ആഗ്രഹിക്കുന്ന ശബ്ദം ദൈവശബ്ദമാണെന്നു നമുക്കു തോന്നിയേക്കാം. പലപ്പോഴും അത് ദൈവശബ്ദമായിരിക്കുകയുമില്ല. ഏതു ഭക്തനും അത്തരം സാഹചര്യങ്ങളിൽക്കൂടി കടന്നു പോകുകയും സ്വന്തം ആഗ്രഹങ്ങൾ ദൈവശബ്ദമായി തെറ്റിദ്ധരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സഹായത്തിനായി എത്തും. എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു എന്ന് നല്ല ഇടയനായ നമ്മുടെ യേശുകർത്താവു പറഞ്ഞിട്ടുണ്ട്. കർത്താവിന്റെ മൃദുലസ്വരം തിരിച്ചറിയുവാൻ ക്രമേണ നാം കഴിവുള്ളവരായിത്തീരും. നമ്മുടെ കർത്താവിന്റെ രണ്ടാംവരവ് മറ്റെല്ലാ കാലത്തെക്കാളും ഏറെ അടുത്തിരിക്കുന്നു എന്ന് ലോക സംഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു. മഹാവ്യാധികൾ ലോകജനതയ്ക്ക് ഒരു നിത്യഭീഷണിയായി നിലനിൽക്കുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും ഭീതിയിലും നിരാശയിലും വിഷാദത്തിലും പ്രത്യാശ നഷ്ടപ്പെട്ടവരായി മുന്നോട്ടു പോകുന്നു. അടുത്ത നിമിഷം എന്തു സംഭവിക്കുമെന്ന് ആർക്കും നിശ്ചയമില്ല. ലോകം അക്ഷരാർത്ഥത്തിൽ സ്തംഭനാവസ്ഥയിൽ കഴിയുന്നു.

സമാധാനപ്രഭുവായ യേശുവിനെ ലോകത്തിനു വെളിപ്പെടുത്തേണ്ട ഉചിതമായ സമയം ഇതാണ്. ഇനി നാം അലസരായി ഇരുന്നുകൂടാ. 'രാത്രി കഴിവാറായി, പകൽ അടുത്തിരിക്കുന്നു' എന്ന ദൈവവചനം നമ്മുടെ ഉത്തരവാദിത്തത്തിന്റെ അനിവാര്യതയിലേക്കു വിരൽ ചൂണ്ടുന്നു. നമ്മെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് നമുക്ക് കർത്താവിന്റെ വയൽ പ്രദേശത്തേക്ക് ഉത്സാഹത്തോടെ പ്രവർത്തിക്കാം. ●



വാച്ച്മാൻ നീ

# ക്രൂശിക്കപ്പെട്ട ജീവിതം

നിങ്ങൾ കർത്താവായ യേശുവിന്റെ മരണത്തിൽ വിശ്വസിക്കുന്നു, അവനോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന്മാരുടെ മരണത്തിലും വിശ്വസിക്കുന്നു. എന്നാൽ സ്വന്തം മരണത്തിന്റെ കാര്യമോ? നിങ്ങളുടെ കുരിശുമരണമാണ് കള്ളന്മാരുടേതിനേക്കാൾ നിങ്ങളെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ളത്. അവർ കർത്താവിന്റെ ഇടത്തും വലത്തുമായി ക്രൂശിക്കപ്പെട്ടു, വ്യത്യസ്ത കുരിശുകളിലായിരുന്നു എന്നു മാത്രം. യേശു ക്രൂശിൽ മരിക്കുമ്പോൾ നിങ്ങൾ അവനിൽ ആയിരുന്നു എന്നതിനാൽ നിങ്ങൾ പാപത്തെക്കുറിച്ചു അനുതപിച്ചു മാനസാന്തരപ്പെട്ട് യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ചപ്പോൾ ക്രിസ്തുവിനെപ്പോലെ തന്നെ നിങ്ങളും ക്രൂശിക്കപ്പെട്ടു, അഥവാ കർത്താവിന്റെ ക്രൂശീകരണത്തിൽ പങ്കാളികളായി. ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്ന് നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം, നമ്മുടെ പകരക്കാരനായി നാം അനുഭവിക്കേണ്ടിയിരുന്ന ശിക്ഷ ഏറ്റെടുക്കുവാൻ യേശു സ്വയം സമർപ്പിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഞാൻ ചെയ്ത പാപമാണ് യേശുകർത്താവിനെ ക്രൂശിലേറ്റിയത്.

റോമാലേഖനം ആറാം അധ്യായത്തിൽ നാം യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, എന്ന് വസ്തുനിഷ്ഠമായി വ്യക്തമാക്കിയിരിക്കുന്നു. ഉയിർപ്പിൽ പങ്കാളിയായത് നിത്യജീവനായി ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ്. പഴയ അഥവാ പാപമനുഷ്യനാണ് യേശുവിനോടു കൂടെ ക്രൂശിക്കപ്പെട്ടതും മരിച്ചതും അടക്കപ്പെട്ടതും. പുതിയ അഥവാ ആത്മമനുഷ്യനാണ് തന്നോടുകൂടെ ഉയിർത്തെഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ അഥവാ മനസ്സ് പുതുക്കി രൂപാന്തരപ്പെടേണ്ടതിനായി സമർപ്പിക്കപ്പെടേണ്ടത്. ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്ന് ഗലാതൃർ 2 : 20 ൽ പറയുന്നു. ഇങ്ങനെയൊരു ജീവിതം നയിക്കുവാനാണ് എന്നെ അനുഗമിക്കുന്നവർ അവരവരുടെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ എന്ന് യേശു പറഞ്ഞതിന്റെ അർത്ഥവും. ക്രൂശ് ത്യാഗത്തെയും സഹനത്തെയും മറ്റുള്ളവർക്കുവേണ്ടി അവരുടെ വിടുതലിനായി അവർക്കും ദൈവത്തിനും ഇടയിൽ നിന്നുകൊണ്ട് മധ്യസ്ഥത ചെയ്യുന്നതിനെയും സൂചിപ്പിക്കുന്നു.

**ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്ന് നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം, നമ്മുടെ പകരക്കാരനായി നാം അനുഭവിക്കേണ്ടിയിരുന്ന ശിക്ഷ ഏറ്റെടുക്കുവാൻ യേശു സ്വയം സമർപ്പിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഞാൻ ചെയ്ത പാപമാണ് യേശുകർത്താവിനെ ക്രൂശിലേറ്റിയത്.**

ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ നാമും തന്നിൽ ഉണ്ടായിരുന്നു എന്നത് നിങ്ങൾക്ക് എങ്ങനെ അറിയാൻ കഴിയും? ദൈവം അങ്ങനെ പറഞ്ഞു എന്ന മതിയായ കാരണത്താൽ മാത്രം നിങ്ങൾക്ക് അത് വിശ്വാസത്താൽ അറിയാൻ കഴിയും. 'ആദം എന്ന ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി നിത്യജീവനിൽ വാഴും'. ക്രിസ്തു നിങ്ങളുടെ പകരക്കാരനായി മരിച്ചുവെന്ന് നിങ്ങൾ ഹൃദയപൂർവം വിശ്വസിക്കുന്നു എങ്കിൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വാഴുവാൻ നിങ്ങളെ സമർപ്പിക്കുക. നിങ്ങളെത്തന്നെ മരിച്ചവരായി എണ്ണുക നിമിത്തമാണ് ഇതു സംഭവിക്കുന്നത്. ഇവ ദൈവിക വസ്തുതകളാണ്, യാഥാർഥ്യങ്ങളാണ്. ക്രിസ്തു മരിച്ചു എന്നത് ഒരു വസ്തുതയാണ്. തന്നോടൊപ്പം നിങ്ങളും മരിച്ചു എന്നതും ഒരു വസ്തുതയാണ്. 'പാപപ്രകൃതി നിഷ്ക്രിയമാകുന്നതിനു നമ്മിലെ പാപമനുഷ്യൻ അഥവാ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്ന് മോചിതനായി' (റോമർ 6: 6,7). ക്രിസ്ത്യാനികൾക്കുള്ള യഥാർത്ഥ സുവിശേഷമാണ് ഇത്.

നമ്മിലെ പഴയമനുഷ്യന്റെ ക്രൂശീകരണം ഒരിക്കലും സ്വന്ത ഇച്ഛാശക്തികൊണ്ടോ പ്രയത്നം കൊണ്ടോ ഫലപ്രദമാക്കാൻ കഴിയില്ല, മറിച്ച് കർത്താവായ യേശു കുരിശിൽ ചെയ്ത രക്ഷണ്യ പ്രവൃത്തിയെ വിശ്വസിച്ചു അംഗീകരിച്ചുകൊണ്ടു മാത്രം ആണ് ഇത് സാധിക്കുന്നത്. ക്രിസ്തു കാൽവറിയിൽ പൂർത്തീകരിച്ച രക്ഷണ്യ പ്രവൃത്തി കാണാൻ നമ്മുടെ വിശ്വാസക്കണ്ണുകൾ തുറക്കണം. നിങ്ങളിൽ ചിലർ, രക്ഷിക്കപ്പെടുവാൻ വേണ്ടി സൽപ്രവൃത്തികളിലൂടെയും സ്വയനീതിയിലൂടെയും ശ്രമിച്ചിരിക്കാം. അതിനായി നിങ്ങൾ ബൈബിൾ വായിച്ചു, പ്രാർത്ഥിച്ചു, പള്ളിയിൽ പോയി, ഭിക്ഷ കൊടുത്തു ഇങ്ങനെ നിരവധി പ്രവൃത്തികളാൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ അധ്വാനിക്കയും ഭാരം ചുമക്കയും ചെയ്തു കാണും. എങ്കിലും ഒരു ദിവസം നിങ്ങളുടെ ആത്മക്കണ്ണുകൾ തുറക്കപ്പെട്ടു, കുരിശിൽ നിങ്ങൾക്കായി ഒരു പൂർണ്ണരക്ഷ ഇതിനകം നൽകിയിട്ടുണ്ടെന്ന് തിരുവെഴുത്തിലൂടെ നിങ്ങൾ കണ്ടു. നിങ്ങൾ അത് സ്വീകരിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്തു. നിങ്ങളുടെ ഹൃദയത്തിലേക്ക് സമാധാനവും സന്തോഷവും ഒഴുകിയെത്തി. ആ സമർപ്പണത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾക്കായി വിശുദ്ധീകരണം ദൈവം സാധ്യമാക്കിയത് എന്നതാണ് സുവിശേഷത്തിലെ സന്തോഷവാർത്ത. പാപമോചനത്തേക്കാൾ ഒട്ടും കുറഞ്ഞതല്ല ദൈവകൃപയുടെ ദാനമായി നിങ്ങൾക്ക് പാപസ്വഭാവത്തിൽ നിന്നുള്ള വിടുതൽ വാഗ്ദാനംചെയ്യപ്പെട്ടതും.

എന്തെന്നാൽ ദൈവത്തിന്റെ വിടുതൽ നൽകാനുള്ള വഴി, മനുഷ്യന്റെ വഴിയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. മനുഷ്യന്റെ വഴി പാപത്തെ ജയിക്കാൻ അതിനെ അടിച്ചമർത്താൻ ശ്രമിക്കുന്നതാണ്. പാപിയെ സ്നേഹിക്കുന്ന ദൈവം താൻ വെറുക്കുന്ന പാപത്തിന്റെ പ്രലോഭനങ്ങളെ ജയിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു എന്നതാണ് ദൈവത്തിന്റെ വഴി. പല ക്രിസ്ത്യാനികളും തങ്ങളുടെ ബലഹീനതയിൽ വിലപിക്കുന്നു, കൂടുതൽ ശക്തരായിരുന്നുവെങ്കിൽ എല്ലാം ശരിയാകുമായിരുന്നുവെന്ന് അവർ കരുതുന്നു. പാപത്തിന്റെ ശക്തിയെക്കുറിച്ചും അതിനെ നേരിടുവാൻ നാം അപ്രാപ്തരെന്നും തിരിച്ചറിഞ്ഞു ക്രിസ്തുവിൽ വിശ്വസിച്ചു ആശ്രയിക്കുക മാത്രമാണ് വിജയകരമായ ഏക പോംവഴി.

പാപത്തിൽ നിന്ന് നമ്മെ വിടുവിക്കുന്നതിനുള്ള ദൈവത്തിന്റെ മാർഗം ജഡത്തിൽ നമ്മെ കൂടുതൽ കൂടുതൽ ശക്തരാക്കിക്കൊണ്ടല്ല, മറിച്ച് നമ്മെ കൂടുതൽ കൂടുതൽ ദുർബലരാക്കിക്കൊണ്ടാണു നിർവ്വഹിക്കുന്നത്, അതായതു നമ്മുടെ നിസ്സഹായത നമ്മെ ബോധ്യപ്പെടുത്തിക്കൊണ്ടാണ്. അപ്പോഴാണ് നാം മനുഷ്യാശ്രയം വിട്ടു പൂർണ്ണമായും ദൈവാശ്രയത്തിലേക്ക് തി

**മനുഷ്യന്റെ വഴി പാപത്തെ ജയിക്കാൻ അതിനെ അടിച്ചമർത്താൻ ശ്രമിക്കുന്നതാണ്. പാപിയെ സ്നേഹിക്കുന്ന ദൈവം താൻവെറുക്കുന്ന പാപത്തിന്റെ പ്രലോഭനങ്ങളെ ജയിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു എന്നതാണ് ദൈവത്തിന്റെ വഴി.**

രിയുന്നത്. അത് തീർച്ചയായും വിജയത്തിന്റെ ഒരു പ്രത്യേക മാർഗമാണ്, ദൈവം നമ്മെ പാപത്തിന്റെ ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കുന്നു. അതായത് നമ്മുടെ 'പഴയ മനുഷ്യനെ' ക്രിസ്തുവിനോട് കൂടി ക്രൂശിക്കുവാൻ നമ്മെ സഹായിക്കുന്നു. അതിനായി നാം നമ്മെത്തന്നെ സമർപ്പിക്കണം എന്നുമാത്രം. അങ്ങനെ പാപമനുഷ്യൻ ദിനം തോറും മരിച്ചുകൊണ്ടിരിക്കുന്നു. 'ഞാൻ ദിവസേന മരിക്കുന്നു' എന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നത് ഈ അനുഭവത്തെയാണ് സൂചിപ്പിക്കുന്നത്.


പാപത്തിന്റെ ശക്തി വാഴുന്ന ലോകത്തിലും, പാപം സ്വാധീനിക്കുന്ന ശരീരത്തിലും ആണ് ഇഹലോകത്തിൽ നാം ആയിരിക്കുന്നത്. ഈ അവസ്ഥയെ മറികടക്കുവാൻ ഒരുപക്ഷെ വർഷങ്ങളോളം നിങ്ങൾ സ്വയം നിയന്ത്രിക്കാൻ നിഷ്ഫലമായി ശ്രമിച്ചിട്ടുണ്ടാകാം. ഒരുപക്ഷേ ഇത് ഇപ്പോഴും നിങ്ങളുടെ അനുഭവമായിരിക്കാം. എന്നാൽ ഒരിക്കൽ നിങ്ങൾ ഈ സത്യം തിരിച്ചറിയുമ്പോൾ തീർച്ചയായും പാപത്തെ ജയിക്കുവാൻ സ്വയമായി ശക്തിയില്ലാത്തവരാണെന്ന് ബോധ്യപ്പെടും . നിങ്ങളുടെ സ്വയത്തെ മാറ്റിനിർത്തി, ജയജീവിതം നൽകുവാൻ ക്രിസ്തു കാൽവറിക്രൂശിലൂടെ എല്ലാം ചെയ്തുവെന്ന് ബോധ്യപ്പെടുമ്പോൾ മാത്രമാണ് രക്ഷ പ്രാപിക്കുവാനുള്ള മനുഷ്യന്റെ എല്ലാ സ്വയപരിശ്രമവും അവസാനിക്കുന്നത്. എങ്കിലും ക്രിസ്തു മാനവകുലത്തിനുവേണ്ടി ക്രൂശുമരണം വഹിച്ചു എന്ന ഒറ്റ കാരണത്താൽ ലോകത്തിലെ മുഴുവൻ പാപികളും രക്ഷ പ്രാപിക്കുന്നില്ല.

എന്റെ പാപമാണ് ക്രിസ്തുവിനെ ക്രൂശിലേറ്റിയത് എന്ന് തിരിച്ചറിയുകയും, യേശുവിൽ വിശ്വസിച്ചു അംഗീകരിച്ചു, അവിടുത്തെ ക്രൂശുമരണത്തിന്റെ പങ്കാളികളായി പാപം ഏറ്റുപറഞ്ഞുപേക്ഷിച്ചു വീണ്ടും ജനനം പ്രാപിക്കുകയും ചെയ്യുന്നവർ, ആരാണോ അവരാണ് ക്രിസ്തുവിന്റെ രക്ഷാപദ്ധതിയിലൂടെ നിത്യജീവനിലേക്കു കടക്കുന്നത്. •

# ദൈവത്തിന്റെ ജീവനിൽ ജീവിക്കുക

**സമ്പന്നനാകുവാനും, ബഹുമാനിക്കപ്പെടുവാനും, സ്ഥാനങ്ങൾ നേടുവാനും ഉള്ള ഒരു വ്യക്തിയുടെ അഗാധമായ ആഗ്രഹം വലിച്ചെറിയുന്നതിലൂടെയാണ് ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ട ജീവിതം സാധ്യമാകുന്നത്. വാസ്തവത്തിൽ അനുഗ്രഹം എന്ന വാക്ക് എല്ലാവരുടെയും ഇഷ്ടപദം ആയിരിക്കുന്നു. അതിന്റെ അർത്ഥം കഷ്ടങ്ങളില്ലാത്ത ജീവിതം എല്ലാവരും പ്രതീക്ഷിക്കുന്നു എന്നാണ്. സ്വയത്തെ ക്രൂശിക്കുവാൻ പ്രേരിപ്പിക്കുന്ന സന്ദേശങ്ങൾ ഇല്ലാത്തതിനാൽ നമുക്ക് പാപത്തെ ജയിച്ചു യേശുവിന്റെ ജീവനിൽ ജീവിക്കുവാൻ ആഗ്രഹവും വിശ്വാസവും ഉത്സാഹവും ഉണ്ടാകുന്നില്ല എന്നതാണ് സത്യം. സങ്കടകരമെന്നു പറയട്ടെ പലരും പ്രശ്നങ്ങളോ പരീക്ഷണങ്ങളോ ത്യാഗങ്ങളോ ദൈവിക സത്യങ്ങളോടു യാതൊരു പ്രതിബദ്ധതയോ ഇല്ലാത്ത ഒരു ജീവിതം സ്വപ്നം കാണുന്നു. സത്യസന്ധമായി പറഞ്ഞാൽ അത് യേശു നമ്മോട് പറഞ്ഞതിന് വിരുദ്ധമാണ്: ലോകത്തിൽ നിനക്കു കഷ്ടം ഉണ്ടാകും; എങ്കിലും ധൈര്യമായിരിക്ക; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നാണ് അവിടുന്ന് അരുളിച്ചെയ്തിട്ടുള്ളത്. തീർച്ചയായും ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ സമൃദ്ധമാണ്. അവിടുന്ന് തന്റെ ജനത്തെ അഭിവൃദ്ധിപ്പെടുത്തുന്നു, നന്മ നൽകുന്നു, സംരക്ഷിക്കുന്നു, സ്നേഹിക്കുന്നു. ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയെ തിരസ്കരിക്കുന്നില്ല. എന്നാൽ നാമെല്ലാവരും ഓർക്കേണ്ട ഒരു കാര്യം ഇതാണ്: സുഖജീവിതത്തെക്കാൾ ദൈവത്തിന്റെ ജീവനിൽ ജീവിക്കുന്നതിനായിരിക്കണം നാം മുൻഗണന കൊടുക്കേണ്ടത്. ഞാനല്ല എന്നിൽ ജീവിക്കുന്നത് യേശുവത്രെ എന്ന് പറയുവാൻ അതിനാൽ മാത്രമാണ് സാധ്യമാവുക.**





അനു ഗ്രേസ് ചാക്കോ

# ഒരു പങ്കാളി തീർച്ചയായും ആവശ്യമാണ്

ഒരു കോളേജ് അധ്യാപിക എന്ന നിലയിൽ ഒഴിവ് വേളകളിൽ പലപ്പോഴും സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ച് വിദ്യാർഥികളോട് ആശയവിനിമയം നടത്തുകയും അവരുടെ അഭിപ്രായങ്ങളെയും കാഴ്ചപ്പാടുകളെയും കുറിച്ച് ആരായുകയും ചെയ്യാറുണ്ട്. വിവാഹത്തെക്കുറിച്ചുള്ള കുട്ടികളുടെ നിലപാടുകൾ പലപ്പോഴും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. നല്ലൊരു ഭാഗം വിദ്യാർത്ഥികളും വിവാഹത്തോട് താല്പര്യമില്ലായ്മയും വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്നതിനെക്കുറിച്ചുള്ള ഭയവും പ്രകടിപ്പിക്കുകയുണ്ടായി. വിവാഹപ്രായമായ പല യുവതീ യുവാക്കളുടെയും മാതാപിതാക്കൾ ഈ കാര്യത്തെക്കുറിച്ച് ആശങ്കാകുലരാണ്. വിവാഹശേഷം കുട്ടികൾ വേണ്ട (Child free couple) എന്ന ട്രെൻഡിനു ശേഷം, വിവാഹമേ വേണ്ട എന്ന ചിന്തയിലേക്ക് പലരും എത്തി നിൽക്കുമ്പോൾ അതിന്റെ കാരണങ്ങളെക്കുറിച്ച് മനസ്സിലാക്കേണ്ടത് വളരെ അനിവാര്യമാണ്.

**1. Gamo phobia** ഗാമോ എന്നാൽ വിവാഹം, ഫോബിയ എന്നാൽ ഭയം. ഗാമോ ഫോബിയ എന്നാൽ വിവാഹം കഴിക്കുവാനും പ്രതിബദ്ധതയോടെ(commitment) ബന്ധങ്ങൾ മുമ്പോട്ട് കൊണ്ടുപോകുവാനുമുള്ള ഭയം. പ്രണയ നൈരാശ്യം, മാതാപിതാക്കളുടെ ഡിവോഴ്സും അവരുടെ ദാമ്പത്യ ജീവിതത്തിലെ പ്രശ്നങ്ങൾ മൂലം ചെറുപ്പത്തിലും മറ്റും അനുഭവിച്ച മാനസിക വ്യഥകൾ, സമ്മർദ്ദം തുടങ്ങിയവ ഗാമോഫോബിയയിലേക്ക് നയിക്കാം. ഗാമോ ഫോബിയ ഉള്ള വ്യക്തിക്ക് മറ്റൊരു വ്യക്തിയുമായുള്ള വിവാഹബന്ധത്തെക്കുറിച്ച് ചിന്തിക്കുന്നതും സംസാരിക്കുന്നതും മറ്റുള്ളവർ പ്രേരിപ്പിക്കുന്നതും എല്ലാം വളരെ ഉത്കണ്ഠയും അരിശവുമാണ് ഉളവാക്കുന്നത്. 30 കളിലും 35 കളിലും പ്രായമെത്തിയിട്ടും വിവാഹത്തോട് അനുകൂലമായി പ്രതികരിക്കാത്ത യുവതികളെ ഇന്നു ധാരാളം കാണാം. പെൺമക്കളുടെ പ്രായം 25 കടക്കുമ്പോൾ ആധിയിലുരുകുന്ന അമ്മമാരെയും കാണാം. ഞങ്ങൾ സന്തോഷമായി ജീവിക്കുന്നതു നിങ്ങൾക്കു സഹിക്കുന്നില്ലേ? എന്നൊരു മറുചോദ്യമാണ് ഇവർ തിരിച്ചു ചോദിക്കുന്നത്. സ്വാതന്ത്ര്യവും സമാധാനവും സന്തോഷവും ജീവിതത്തിൽ വേണം എന്നതിനാൽ വിവാഹത്തോടു താൽപര്യമില്ല എന്നു പുതിയ കാലത്തെ കുറേ പെൺകുട്ടികൾ തീരുമാനിക്കുമ്പോൾ അതു ഗാമോഫോബിയ അല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

**2 Geno phobia:** സെക്സിനോടുള്ള ഭയമാണ് ജനോഫോബിയ. ബാല്യത്തിലോ കൗമാരത്തിലോ മറ്റുള്ളവരിൽ നിന്നും നേരിട്ട മോശമായ പെരുമാറ്റം, മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങി ലൈംഗികബന്ധങ്ങളിൽ ഏർപ്പെട്ടത് തുടങ്ങിയവ ജനോഫോബിയയിലേക്ക് നയിക്കാം. ലൈംഗിക കാര്യങ്ങളോടുള്ള ഭയവും വിരക്തിയും 'വിവാഹം വേണ്ട' എന്ന കാഴ്ചപ്പാടിലേക്ക് ഇങ്ങനെയുള്ളവരെ നയിച്ചേക്കാം.

**3 സ്വവർഗ ഭോഗവും സ്വയം ഭോഗവും:**

സ്വവർഗഭോഗം (homo sexuality) യുവജനങ്ങളുടെ ഇടയിൽ വളരെയധികം പ്രോത്സാഹിപ്പിക്കപ്പെടുന്ന ഒന്നാണ്. സാമൂഹ്യമാധ്യമങ്ങളെ ഇങ്ങനെ ഉള്ളവർക്ക് വലിയ സ്വീകാര്യത ആണുള്ളത്. വീട്ടിൽനിന്ന് മാറി ഹോസ്റ്റലുകളിൽ ജീവിക്കുന്ന കുട്ടികളുടെ ഇടയിൽ ഈ പ്രവണത

അധികമായിട്ട് കണ്ടുവരുന്നു. സ്വയം ഭോഗത്തിന് ഇന്ന് നമ്മുടെ പല കുട്ടികളും അടിമകളാണ്. സ്വയം ഭോഗത്തിൽ ഏർപ്പെട്ടിരുന്ന പലർക്കും വിവാഹശേഷം സംതൃപ്തിക്കുറവ് അനുഭവപ്പെടുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇവയെല്ലാം വിവാഹത്തോട് വിരക്തി ഉളവാക്കുവാൻ കഴിയുന്ന കാര്യങ്ങളാണ്. പ്രകൃതിവിരുദ്ധ ബന്ധങ്ങളിൽ ഏർപ്പെട്ടു ദൈവത്തെ കോപിപ്പിച്ചതിന്റെ ശിക്ഷയാണ് സൊദോം ഗോമോറയും ചുറ്റുമുള്ള പട്ടണങ്ങളും തീയ്ക്കിരയായി നശിക്കുവാനുള്ള കാരണം എന്ന് തിരുവെഴുത്തു വ്യക്തമാക്കുന്നത് നമ്മോടുള്ള ശക്തമായ മുന്നറിയിപ്പും താക്കീതും ആണ് .

4. **Un realistic expectations: (അനാവശ്യ പ്രതീക്ഷകൾ)**

താൻ വിവാഹം കഴിക്കുവാൻ പോകുന്ന വ്യക്തിയുടെ യോഗ്യതകളെക്കുറിച്ചുള്ള അമിതമായ പ്രതീക്ഷകൾ ഇന്നത്തെ പല യൗവനക്കാരും വെച്ചുപുലർത്തുന്നു. സൗന്ദര്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പദവിയുടെയും സ്വഭാവത്തിന്റെയും ധനശേഷിയുടെയും കാര്യത്തിലാണ് അവർ പ്രതീക്ഷ വെയ്ക്കുന്നത്. അങ്ങനെയുള്ള വ്യക്തികളെ ജീവിതസഖിയായി കിട്ടാത്തതിനാൽ വിവാഹം കഴിക്കുവാൻ കഴിയാതെ പോയവർ അനേകരാണ്. വിദേശരാജ്യങ്ങളിൽ ചേക്കേറുവാൻ ഉള്ള ആഗ്രഹം കൊണ്ട് വിദേശത്തുള്ളവരെ മാത്രമേ വിവാഹം കഴിക്കൂ എന്ന നിർബന്ധവും ചിലരിൽ കാണുന്നുണ്ട്.

മക്കളെ കറവപ്പശുക്കളായി വളർത്തുന്ന മാതാപിതാക്കളുടെ മനോഭാവം നിമിത്തം വിവാഹം കഴിപ്പിച്ചയയ്ക്കേണ്ട സമയത്തു അതിനുവേണ്ടി ഉത്സാഹിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാതെപോയതിനാൽ പിന്നീട് വിഷമിക്കുന്നവരെയും കണ്ടിട്ടുണ്ട്. സഹോദരങ്ങളെ കര പറ്റിക്കുവാനുള്ള ഓട്ടത്തിനിടയിൽ വിവാഹം കഴിക്കുവാൻ കഴിയാതെ മറ്റുള്ളവർക്ക് വേണ്ടി ജീവിതം ഹോമിച്ചവരും നമ്മുടെ സമൂഹത്തിൽ ഉണ്ട്.

പെൺകുട്ടികൾ വിവാഹത്തിനു തയാറാകാത്തതിനാൽ ഒട്ടേറെ മാതാപിതാക്കളാണ് മനോരോഗ വിദഗ്ധരെ തേടിയെത്തുന്നത്.ഡോക്ടറൊന്നു പറഞ്ഞു ശരിയാക്കാമോ? നല്ല കൗൺസലിംഗ് കൊടുക്കാമോ? ഇതൊക്കെയാണ് അസ്വസ്ഥരായ മാതാപിതാക്കളുടെ ആവശ്യങ്ങൾ. വിവാഹത്തിന് അതിന്റേതായ ഗുണങ്ങൾ ഉണ്ട്. 30 – 40 വയസ്സുവരെ ഒറ്റയ്ക്കുള്ള ജീവിതത്തിൽ കുഴപ്പമുണ്ടാകില്ല. എന്നാൽ 40 വയസ്സു കഴിയുമ്പോൾ ഒറ്റയ്ക്കാകും. വാർധക്യത്തിലേയ്ക്കുള്ള യാത്രയിൽ ഒരു പങ്കാളി തീർച്ചയായും ആവശ്യമാണ്. ഏകാന്തതയുടെ തിക്തഫലങ്ങൾ അസഹ്യമാണ്. ചിലർ ഭാവിയെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച് വിവാഹം വേണം എന്നു തീരുമാനമെടുക്കുന്നവരാണ്. മറ്റു ചിലരാകട്ടെ, വേണ്ട എന്ന് തീരുമാനത്തിലുറച്ചു നിൽക്കുന്നവരാണ്. എടുത്തുചാട്ടം ഉള്ളവരാണവർ. വൈകിയ വിവാഹവും അതിനുശേഷമുള്ള ഗർഭധാരണവുമൊക്കെ സ്ത്രീയെ സംബന്ധിച്ചിടത്തോളം ഒട്ടേറെ ആരോഗ്യപ്രശ്നങ്ങളിലേക്കും നയിച്ചേക്കാം എന്നതും ചിന്തിക്കേണ്ടതാണ്. നല്ല യൗവനത്തിൽ വിവാഹം ആലോചിച്ചാൽ അനുയോജ്യമായ തുണയെ ലഭിക്കുവാൻ കൂടുതൽ സാധ്യതകളുണ്ട്. പ്രായപരിധി കഴിഞ്ഞാൽ സാധ്യത പരിമിതമായിരിക്കുമെന്നതിനാൽ മനസ്സിനിണങ്ങിയ തുണ ലഭ്യമാകാതെയും വന്നേക്കാം. അപ്പോൾ കിട്ടുന്നതു സ്വീകരിച്ചു തൃപ്തിപ്പെടേണ്ടി വരും.

സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന സ്നേഹാധിഷ്ഠിതമായ ദൈവിക ഉടമ്പടിയായിട്ടാണ് ബൈബിൾ വിവാഹത്തെ വിശേഷിപ്പിക്കുന്നത്. പരസ്പര സ്നേഹത്തിലും ഐക്യത്തിലും വിശ്വസ്തതയിലും വിശുദ്ധിയിലും ജീവിക്കാനും, സന്താനങ്ങളെ ജനിപ്പിച്ചു അവരെ ദൈവത്തിന് പ്രീതികരമായ വിധം വളർത്താനും ദൈവം സ്ഥാപിച്ച സ്ഥാപനമാണ് കുടുംബം. ഇത് ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും അവിടുത്തെ നിയമങ്ങളാൽ നിയന്ത്രിതവുമാണ്. സ്ത്രീയും പുരുഷനും തമ്മിൽ ലംഘിക്കുവാൻ പാടില്ലാത്തതും പരസ്പര സമ്മതം വഴി സ്ഥാപിക്കപ്പെടുന്നതുമായിരിക്കണം വിവാഹം. ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന ഈ കൂട്ടായ്മ, ദമ്പതികളുടെയും, മക്കളുടെയും, സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി ദൈവം വിഭാവനം ചെയ്തിരിക്കുന്നു. മനുഷ്യൻ ഏകനായിരിക്കുന്നതു നല്ലതല്ല, ഞാൻ അവനു തക്കതായ ഒരു തുണയുണ്ടാക്കിക്കൊടുക്കും എന്നാണ് ദൈവിക നിർണ്ണയം. മറ്റു ജീവജാലങ്ങൾക്ക് ഇണകളെ നൽകിയപ്പോൾ മനുഷ്യന് മാത്രം തക്ക തുണയെയാണ് ദൈവം നൽകിയതും നൽകുന്നതും. അതിനാൽ വിവാഹം വിലക്കുവാനോ, വിവാഹം വഴി കുടുംബജീവിതം നയിക്കുന്നതിന് തടസം നിൽക്കുവാനോ, വചനം ആർക്കും അനുവാദം തരുന്നില്ല •

# ആശ്വാസമേ എനിക്കേറെതിങ്ങീടുന്നു

## എന്ന ഗാനത്തിന്റെ പശ്ചാത്തലം

**രചന: മോശെ വത്സലം**

ദു:ഖസാന്ദ്രമായ ഈ ലോകത്തിൽ ആശ്വാസമാരി പൊഴിക്കുന്ന ഈ ഗാനത്തിന്റെ രചയിതാവാണ് തിരുവനന്തപുരം സ്വദേശിയായ സഹോദരൻ മോശെ വത്സലം. അരുണാനന്ദ് എന്ന പേരിൽ കർത്താവിനായി അധ്വാനിച്ച് പോന്നിരുന്ന സുവിശേഷകന്റെ മകനായിട്ടാണ് 1843ൽ ഇദ്ദേഹം ജനിച്ചത്. പിതാവിന്റെ കാൽച്ചുവടുകളെ പിന്തുടർന്നു ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്ന താൻ അറിയപ്പെടുന്ന ഒരു സുവിശേഷ പ്രഭാഷകനായിരുന്നു. ശ്രുതിമധുരമായി പാടുവാൻ കഴിവുള്ള ഒരാൾ കൂടെയായിരുന്നു ഇദ്ദേഹം. 1872ൽ പ്രഥമ കീർത്തനം എഴുതി ഗാനരചനയിലേക്ക് ചുവട് വെച്ച ഇദ്ദേഹം 'യെരുശലേമെൻ ഇമ്പവീടെ', 'ഇന്നീ മംഗലം ശോഭിക്കുവാൻ'... മുതലായ 250 ലധികം ഗാനങ്ങൾ എഴുതിയിട്ടുണ്ട്.

ദേശസഭാ വ്യത്യാസം നോക്കാതെ എല്ലാവരെയും ക്രിസ്തീയ സ്നേഹത്തിൽ കണ്ട് വിശ്രമമില്ലാതെ പ്രേഷിത പ്രവർത്തനം നടത്തിവന്ന ഒരു ദൈവദാസൻ എന്ന നിലയിൽ തന്റെ തലമുറയിൽ ഏറെ ആദരണീയനായി സേവനം ചെയ്യുവാൻ തനിക്കു സംഗതിയായി.

പ്രേഷിത പ്രവർത്തനങ്ങളും സുവിശേഷ പ്രവർത്തനങ്ങളുമായി ഉത്സാഹത്തോടെ മുന്നോട്ടു പോയിക്കൊണ്ടിരുന്ന തനിക്ക് നിരവധി ആളുകളുടെ ദു:ഖത്തിൽ പങ്കുചേരുവാനും ആയവർക്ക് ആശ്വാസം പകരുവാനും സംഗതി ആയിട്ടുണ്ട്. അത്തരം വേളകളിൽ അവരെ ദൈവവചനത്താൽ ആശ്വസിപ്പിക്കുവാൻ കഴിഞ്ഞ തനിക്ക് ഒരു കാര്യം വ്യക്തമായി. വിശ്വാസക്കണ്ണാൽ അക്കരയ്ക്ക് നോക്കിടുമ്പോൾ മാത്രമേ ആശ്വാസത്താൽ തിങ്ങി നിറയുവാൻ ആകൂ. കാരണം തൻ മക്കളിൽ കണ്ണുനീരെല്ലാം താതൻ എന്നന്നേക്കുമായി തുടയ്ക്കുന്നത് അവിടെയാണ്. അവിടെയാണ് ഏവരും ആശ്വാസത്താൽ തിങ്ങി ഉല്ലാസത്തോടെ സ്തുതികൾ ഉയർത്തുന്നത്. നിത്യതയുടെ ചിന്തകൾ ഉണർത്തുന്ന മനസ്സിന്റെ ആകെ തുകയാണ് 'ആശ്വാസമേ എനിക്ക് ഏറെ തിങ്ങീടുന്നു' എന്ന ഗാനം.

ഇത്തരത്തിൽ പ്രത്യാശാനിർഭരനായിത്തീർന്ന താൻ ആവിധ ചിന്തകളാൽ ആശ്വാസംകൊണ്ടു, എന്നുമാത്രമല്ല ഈ ലോക കാര്യാദികളോടുള്ള തന്റെ അടുപ്പം അദമ്യമായി കുറഞ്ഞു പോവുകയും, പുതിയ കാഴ്ചപ്പാടോടെ ജീവിക്കുന്ന ഒരാൾ എന്ന നിലയിൽ 'ലോകം വേണ്ട എനിക്കൊന്നും വേണ്ട എന്റെ താതന്റെ സന്നിധിയിൽ ചേർന്നാൽ മതി' എന്ന് ഒടുവിലായി എഴുതി ചേർക്കുകയും ചെയ്തു.

ഈ വരികൾ എഴുതിയതിനു ശേഷമുള്ള അദ്ദേഹത്തിന്റെ ജീവിതം ഒരു വലിയ അളവ് വരെ 'ലോകം വേണ്ട, എനിക്കൊന്നും വേണ്ട' എന്ന തീരുമാനത്തെ ശരിവെയ്ക്കും വിധം ത്യാഗപൂർണമായിരുന്നു. ദേശസഭാവ്യത്യാസം കൂടാതെ വിശ്രമരഹിതമായി പ്രേഷിത പ്രവർത്തനത്തിൽ ശോഭിക്കുവാൻ ആവോളം ഈ ചിന്ത തന്നെ സഹായിച്ചു.

'ചേർന്നിടുമേ വേഗം ഞാനുമാ കൂട്ടത്തിൽ' എന്നു പാടിയ അദ്ദേഹം 73-ാം വയസ്സിൽ 1916ഫെബ്രുവരി ഇരുപതാം തീയതി പ്രത്യാശയോടെ താൻ പ്രിയംവെച്ച കർത്താവിനോടു കൂടെ വസിക്കുവാൻ, ശുദ്ധരോട് ഒന്നിച്ചു പാർക്കുവാൻ, അക്കരെനാട്ടിലേയ്ക്ക് കടന്നുപോയി.

*കടപ്പാട്*





സുജ വിനു

# അനുകമ്പാർദ്രമായ പരിഗണന

**വേ**ദപുസ്തകത്തിൽ പ്രത്യേകിച്ച് പഴയനിയമത്തിൽ സ്ത്രീ കഥാപാത്രങ്ങളും സ്ത്രീകളെ കുറിച്ചുള്ള പരാമർശങ്ങളും താരതമ്യേന കുറവാണ്. സ്ത്രീകൾക്ക് പൊതുജീവിതത്തിൽ പ്രാധാന്യം കൽപ്പിക്കാതിരുന്ന ഒരു ജനതയുടെ മതഗ്രന്ഥത്തിൽ സ്ത്രീകളെ വിരളമായി മാത്രം പരാമർശിക്കുന്നതിൽ ആശ്ചര്യകരമായി ഒന്നുമില്ല. എന്നാൽ, ദൈവപുത്രനായ ക്രിസ്തു ക്രൈസ്തവീകതയെ, ഒരു മതം, ഒരു ജനതയുടെ പൈതൃകം എന്നതിൽ നിന്നൊക്കെ മോചിപ്പിച്ച് മുഴുവൻ മാനവരാശിയുടെയും രക്ഷാമാർഗമായി പരിവർത്തിപ്പിക്കുമ്പോൾ, ആ സുവിശേഷ ചരിത്രത്തിന്റെ ആദ്യതാളിൽ തന്നെ സ്ത്രീകളുടെ പേരുകൾ, അതും യഹൂദ ജനതയ്ക്ക് ഒരിക്കലും സ്വീകാര്യമല്ലാത്ത സ്ത്രീജീവിതങ്ങൾ എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നത് യാദൃശ്ചികമല്ല. മാനുഷിക കാഴ്ചപ്പാടിൽ അവിശ്വസനീയമെന്നു തോന്നിപ്പോകുന്ന, വേദപുസ്തകത്താളുകളിൽ എഴുതപ്പെടുവാൻ യാതൊരു സാധ്യതയുമില്ലാത്ത ചില സ്ത്രീകളുടെ പേരുകൾ ദൈവിക പദ്ധതിയനുസരിച്ചു എഴുതപ്പെട്ടത് സ്ത്രീജനങ്ങളോടുള്ള വിശേഷിക്കപ്പെട്ട ദൈവിക കരുതലിനെ കാണിക്കുന്നു. യേശുക്രിസ്തുവിന്റെ വംശാവലിയിൽ യഹുദവീക്ഷണ കോണത്തിൽ പരിഗണനാർഹരല്ലാതിരുന്ന താമാർ, രഹാബ്, രൂത്ത്, ഊരിയാവിന്റെ ഭാര്യയായിരുന്നവൾ എന്നിങ്ങനെ 4 വനിതകളെ മത്തായി 1 ന്റെ 3 മുതൽ 6 വരെ വേദഭാഗങ്ങളിൽ ദൃശ്യമാണ്.

ക്രിസ്തുവിന്റെ ജനനം ഒരു മതത്തിനോ, ദേശത്തിനോ, നിയമത്തിനോ, വർണ്ണത്തിനോ, ലിംഗത്തിനോ മാത്രമുള്ളതല്ലെന്ന സന്ദേശം, വളരെ നേരത്തെ തന്നെ നൽകപ്പെടുന്നു. ഈ തെരഞ്ഞെടുപ്പിലൂടെ. താമാർ, രൂത്ത്, രഹാബ്. ബേർശേബാ എന്ന നാലു സ്ത്രീകളും സാമൂഹ്യനീതിബോധത്തിന് പുറത്തുനിന്നുള്ളവരാണ്. പാർശ്വധാരയിൽ നിന്നുള്ള ഈ സ്ത്രീജീവിതങ്ങളുടെ തെരഞ്ഞെടുപ്പ് ക്രിസ്തു രചിക്കുന്ന പുതിയ നിയമത്തിന്റെ ആദ്യ അധ്യായങ്ങളിൽ ഉൾപ്പെടുത്തപ്പെട്ടുവെങ്കിൽ, ‘സ്ത്രീയുടെ സന്തതി’ എന്ന് വിളിക്കപ്പെട്ടവന്റെ ജനനത്തിനുവേണ്ടി

**ക്രിസ്തുവിന്റെ ജനനം ഒരു മതത്തിനോ, ദേശത്തിനോ, നിയമത്തിനോ, വർണ്ണത്തിനോ, ലിംഗത്തിനോ മാത്രമുള്ളതല്ലെന്ന സന്ദേശം, വളരെ നേരത്തെ തന്നെ നൽകപ്പെടുന്നു. ഈ തെരഞ്ഞെടുപ്പിലൂടെ. താമാർ, രൂത്ത്, രഹാബ്. ബേർശേബാ എന്ന നാലു സ്ത്രീകളും സാമൂഹ്യനീതിബോധത്തിന് പുറത്തുനിന്നുള്ളവരാണ്.**

ആദ്യം ഒരുക്കപ്പെടുന്നത് ഒരു സ്ത്രീ ഹൃദയമാണ്. തന്റെ സമർപ്പണത്തിന്റെ തിക്തഫലങ്ങൾ ഗ്രഹിച്ചു കൊണ്ടു തന്നെയാവണം അവൾ അതിനു തയ്യാറായത്. തന്റെ ഭാവിജീവിതം ദൈവകരങ്ങളിൽ സുഭദ്രമായിരിക്കുമെന്നുള്ള സുനിശ്ചിത മനോഭാവത്തിന്റെ പ്രതിഫലനം. കന്യകയായ മറിയത്തിന്റെ ധീരമായ തീരുമാനത്തിനു ശേഷമാണ് ദൂതൻ യോസഫിനെ സമീപിക്കുന്നത്. ഹവ്വ മുതൽ യേശുകർത്താവിന്റെ രണ്ടാം വരവ് വരെയുള്ള സ്ത്രീകളിൽ 'സ്ത്രീയുടെ സന്തതിക്കു' ജന്മം കൊടുക്കുവാൻ ദൈവത്താലുള്ള തിരഞ്ഞെടുപ്പിനെ, അംഗീകരിച്ചു സമർപ്പിച്ച വനിത എന്ന നിലയിൽ മറിയത്തെക്കുറിച്ചുള്ള ഭാഗ്യവർണ്ണന വിവരണാതീതമാണ്.

**ജനനത്തിന് വളരെ മുമ്പും, ജനനസമയത്തും സ്ത്രീത്വത്തിന്റെ അംഗീകാരത്തിന് വഴിയൊരുക്കിയ യേശുക്രിസ്തു, തന്റെ ജീവിതത്തിലും സ്ത്രീകളെ ആർദ്രതയോടെ ചേർത്തുനിർത്തുന്നു; അതും ബലഹീന പാത്രങ്ങളായ സ്ത്രീകളെ ...**

ജനനത്തിന് വളരെ മുമ്പും, ജനനസമയത്തും സ്ത്രീത്വത്തിന്റെ അംഗീകാരത്തിന് വഴിയൊരുക്കിയ യേശുക്രിസ്തു, തന്റെ ജീവിതത്തിലും സ്ത്രീകളെ ആർദ്രതയോടെ ചേർത്തുനിർത്തുന്നു; അതും ബലഹീന പാത്രങ്ങളായ സ്ത്രീകളെ... നയിനിലെ വിധവയോടും, കൂനിയായ സ്ത്രീയോടും, മഗ്ദലന മറിയത്തോടും, ശമര്യക്കാരിയോടും, അവരാവശ്യപ്പെടാതെ തന്നെ അനുകമ്പ കാട്ടുന്ന യേശു, തന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ച നിർണായകമായ വസ്തുതകൾ സ്ത്രീകളോടുള്ള സംഭാഷണത്തിൽ വെളിപ്പെടുത്തുന്നു. 'നീ ആരാണ്, നീ മശിഹാ തന്നെയോ' എന്ന യഹൂദ മതപ്രമാണികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാതിരുന്ന ക്രിസ്തു 'നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മശിഹാ' എന്ന് വ്യക്തമാക്കുന്നു, ഒരു സ്ത്രീയോടുള്ള സംഭാഷണത്തിൽ. അതും പതിതയും പരിത്യക്തയുമായ ഒരു ശമരിയക്കാരിയോട്; 'ദൈവം ആത്മാവാകുന്നു; ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു,' എന്ന ആരാധനയുടെ സമ്പ്രദായിക പ്രമാണങ്ങളെ യേശു പൊളിച്ചെഴുതുന്നതും ഈ സ്ത്രീയോട് സംസാരിക്കുമ്പോഴാണ്. വചനത്തിലെ 'ആദ്യ സുവിശേഷക' എന്നു ശമരിയക്കാരിയെ വിശേഷിപ്പിക്കുന്നത് തികച്ചും ഉചിതമാണ്. ഒരു പട്ടണത്തെ മുഴുവൻ സ്വസാക്ഷ്യത്തിലൂടെ ക്രിസ്തുവിലേക്കെത്തിച്ചവൾ! 'നീ പറഞ്ഞതുകൊണ്ടല്ല ഞങ്ങൾ കണ്ടതുകൊണ്ട് ...' എന്ന ജനത്തിന്റെ ഏറ്റുപറച്ചിൽ.. അവളുടെ സുവിശേഷവേല ഏറ്റവും വിജയകരമായിരുന്നു എന്നതിന്റെ തെളിവാണ്.

'ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും' എന്ന് ക്രിസ്തു വെളിപ്പെടുത്തിയതും ഒരു സ്ത്രീയോടാണ്. ലാസറിന്റെ കല്ലറയ്ക്കൽ നിന്ന് 'കർത്താവേ നാറ്റം വച്ചു കാണും' എന്ന് ആകുലപ്പെടുമ്പോൾ 'വിശ്വസിച്ചാൽ നീ ദൈവത്തിൻെറ മഹത്വം കാണും' എന്ന് യേശു മാർത്തയെ ആശ്വസിപ്പിക്കുന്നു. സ്വതസിദ്ധമായി ആകുലതകളും വ്യഗ്രതകളും കൂടുതലാണ് സ്ത്രീകൾക്ക് എന്നതിനെ ചപലതയായി പരിഹസിക്കാതെ, അനുകമ്പാർദ്രമായ പരിഗണനയാണ് ക്രിസ്തു സ്ത്രീകളോട് കാണിക്കുന്നത്. പലതിനെ ച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഭാരപ്പെടുന്ന നല്ലൊരു പങ്കു സ്ത്രീജനങ്ങളെയും തികഞ്ഞ ആർദ്രതയോടെ പരിഗണിച്ചു അവരിലേക്ക് ആത്മവിശ്വാസം പകർന്നു കൊടുക്കുന്ന യേശുവിന്റെ ഹൃദയ വിശാലത!

തന്റെ പുനരുത്ഥാനം, 'ഒപ്പം നടന്ന' ശിഷ്യന്മാരോട് അറിയിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടതും ഒരു സ്ത്രീയാണെന്ന വസ്തുത നമ്മുടെ പഠനത്തെ അടിവരയിട്ടുറപ്പിക്കുന്ന ഉത്തമ യാഥാർഥ്യമാണ്. കല്ലറയ്ക്കൽ നിന്ന് ശിഷ്യന്മാർ മടങ്ങിപ്പോയപ്പോഴും, ഇരുട്ടിനെ വകവയ്ക്കാതെ കരഞ്ഞും കൊണ്ടു അവിടെ തുടർന്ന മേൽപ്പറഞ്ഞ സ്ത്രീക്കാണ് പുനരുത്ഥാനം ചെയ്ത യേശു ആദ്യമായി പ്രത്യക്ഷനായത് എന്നതും, തിരസ്ക്കരിക്കപ്പെട്ടിരുന്ന സ്ത്രീജനത്തോടുള്ള യേശുവിന്റെ മനസ്സലിവുള്ള മനോഭാവത്തെ പ്രസ്പഷ്ടമാക്കുന്നു. യേശു ദൈവരാജ്യത്തിന്റെ സുവിശേഷം വിളംബരം ചെയ്തുകൊണ്ടു പട്ടണങ്ങളിലും ഗ്രാമങ്ങളിലും യാത്ര ചെയ്തപ്പോൾ യേശുവിനോടൊപ്പം പന്ത്രണ്ട് ശിഷ്യന്മാരും ദുരാത്മാക്ക

ളിൽ നിന്നും രോഗങ്ങളിൽനിന്നും സൗഖ്യംപ്രാപിച്ച ചില സ്ത്രീകളും ഉണ്ടായിരുന്നു. അവരിൽ മഗ്ദലക്കാരി എന്നു വിളിക്കപ്പെട്ടിരുന്നവളും ഏഴു ഭൂതങ്ങൾ വിട്ടുപോയവളുമായ മറിയയും, ഹെരോദാവിന്റെ കാര്യസ്ഥനായിരുന്ന കൂസയുടെ ഭാര്യ യോഹന്നയും, സൂസന്നയും, മറ്റുപല സ്ത്രീകളും ഉൾപ്പെട്ടിരുന്നു. ഈ സ്ത്രീകൾ തങ്ങളുടെ സമ്പാദ്യംകൊണ്ട് യേശുവിനെയും ശിഷ്യന്മാരെയും സഹായിച്ചുകൊണ്ടിരുന്നു. തന്റെ ശുശ്രൂഷകളിൽ സഹായികളായി ശിഷ്യന്മാരോടൊപ്പം ആയിരിക്കുവാൻ യേശു സ്ത്രീകളെയും അനുവദിച്ചിരുന്നു. സ്ത്രീകളോടുള്ള അന്നത്തെ സംസ്കാരത്തെ നിർമ്മാർജ്ജനം ചെയ്യുന്ന ധീരോദാത്തമായ നടപടി.

നിൻെറ സൃഷ്ടികർത്താവായ ഞാൻ തന്നെ നിൻെറ ഭർത്താവ് എന്ന് താൻ തിരഞ്ഞെടുത്ത യിസ്രയേൽ ജനത്തോട് പറയുന്നു യഹോവ. പുതിയനിയമ സഭ, യേശുവിന്റെ മണവാട്ടി ആണല്ലോ. സഭയെ, അതായത് തന്റെ ജനത്തെ ഒരു സ്ത്രീയായിട്ടാണ് വചനത്തിൽ ആത്മീയാർത്ഥത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ദുർബലയും വീണുപോകാൻ സാധ്യതയുമുള്ളവൾ. സവിശേഷ ശ്രദ്ധയോടെയും കരുതലോടും കൈപിടിച്ച് നടത്തപ്പെടേണ്ടവൾ.

വചനത്തിലെ സ്ത്രീപാത്രങ്ങൾ അയോഗ്യരും അബലകളുമായി പ്രത്യക്ഷപ്പെടുന്നുവെങ്കിൽ ക്രിസ്തുവിന്റെ മണവാട്ടിസഭയുടെ പ്രതീകാത്മക ചിത്രീകരണം ഇതിലൂടെ സാധ്യമാകുന്നു. യാതൊരു യോഗ്യതയുമില്ലാത്ത അശരണരായ പരിത്യക്തരായ സ്ത്രീയെ അഥവാ സഭയെ ജീവൻ നൽകി സ്നേഹിക്കുന്നവൻ, താൻ തന്നെ മശിഹ എന്ന് വെളിപ്പെടുത്തുന്നവൻ. യേശുവിന്റെ ഈ മഹാസ്നേഹത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടവർ, ലിംഗഭേദമില്ലാതെ തങ്ങളുടെ ശുശ്രൂഷയെ പൂർത്തീകരിക്കണമെന്ന് വചനം പഠിപ്പിക്കുന്നു •

# പർവ്വതത്തിലെ മാതൃക

അനുകരണം മനുഷ്യസ്വഭാവത്തിൽ അലിഞ്ഞുചേർന്ന ഒരു പ്രകൃതമാണ്. വീടുണ്ടാക്കുമ്പോഴും, വീട്ടുപകരണങ്ങൾ ഉണ്ടാക്കുമ്പോഴും എവിടെയെങ്കിലും കണ്ടിട്ടുള്ളതും മനസ്സിനെ ആകർഷിച്ചതുമായ ഒരു മാതൃകയെ അടിസ്ഥാനമാക്കി ആയിരിക്കും അതു നിർമ്മിക്കുക. വലിയവരെന്നു മനസ്സിൽ കാണുന്ന ആളുകളെ അനുകരിക്കുന്ന സ്വഭാവം കുട്ടികളിലും മുതിർന്നവരിലും കാണാറുണ്ട്. മനുഷ്യനിലെ ഈ പ്രകൃതം നന്നായി അറിയാവുന്നതുകൊണ്ടാണ് നമ്മുടെ കർത്താവ് മനുഷ്യനായി ലോകത്തിൽ ജീവിച്ച് 'പിന്തുടരുവാൻ ഒരു മാതൃക' നമുക്കായി കാണിച്ചത്. സമാഗമന കൂടാരവും അതിന്റെ ഉപകരണങ്ങളും പണിയുവാൻ നിയോഗം നൽകുമ്പോൾ മോശെയെ പർവ്വതത്തിലേക്ക് വിളിച്ച് ഒരു മാതൃക പ്രദർശിപ്പിച്ചു (പുറപ്പാട് 25:9). നിർമ്മാണത്തിൽ ഈ മാതൃക കർശനമായി പിന്തുടരുവാൻ ആവശ്യപ്പെട്ടു. ലോകാഭിപ്രായപ്രകാരമോ, സ്വയാഭിപ്രായപ്രകാരമോ മാറ്റങ്ങൾ വരുത്തുവാൻ അനുവാദമില്ലാത്ത ഒരു വിശിഷ്ട നിർമ്മിതിയാണ് നമ്മുടെ ക്രിസ്തീയ ജീവിതം.

ജനനം മുതൽ ക്രൂശിലെ മരണം വരെ നമുക്കു മാതൃകയായ യേശുവിനെ വാക്കിലും പ്രവൃത്തിയിലും പിൻപറ്റുവാൻ നമുക്കിടയാകണം. പഴയനിയമ ആലയത്തിന്റെ മാതൃക സീനായി മലയിലാണു പ്രദർശിപ്പിച്ചതെങ്കിൽ പുതിയനിയമ ആലയത്തിന്റെ മാതൃക കാൽവറിമലയിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ആയതിനാൽ ക്രൂശിലെ ക്രിസ്തുവിന്റെ ഭാവം നാം അനുകരിച്ചേ പറ്റൂ. ക്രൂശിനു ശേഷമുള്ള സൗഭാഗ്യങ്ങളുടെ നിത്യത നമ്മുടെ പ്രത്യാശയാണല്ലോ. ക്രൂശിന്റെ വഴിയേ അല്ലാതെ അവിടെ എത്താൻ മറ്റൊരു വഴിയുമില്ല.



ഷാന്റു മാത്യു, കല്ലട

# അധികാരത്തെക്കാൾ അധികമായി

ശമുവേൽ പ്രവാചകൻ തന്നെ തേടി വരുന്നവരെ സ്വീകരിക്കുകയും അവരുടെ വിഷമതകൾ കേൾക്കുകയും, ആവശ്യങ്ങൾ ദൈവത്തോട് അറിയിക്കുകയും ചെയ്തിരുന്നു. ദൈവം തന്നോട് പറയുന്ന കാര്യങ്ങൾ വളരെ കൃത്യതയോടും വ്യക്തതയോടും കൂടെ അവർക്കു വെളിപ്പെടുത്തി കൊടുക്കുകയും ചെയ്തിരുന്നു. രാജാവായി അഭിഷേകം ചെയ്തിരുന്ന ശൗലിന്റെ അനുസരണക്കേടു നിമിത്തം പ്രവാചകൻ വളരെ ദു:ഖിതനായി മാറിയിരിക്കുന്നു. തന്റെ ഹൃദയത്തിലെ ദു:ഖം മുഖത്ത് പ്രകടമായിരുന്നു. ദൈവം ശമുവേലിനോട് ചോദിക്കുന്നു: നീ എത്രത്തോളം അവനു വേണ്ടി ദുഖിക്കും?(1 ശമുവേൽ 16:1).

ഒരിക്കൽ യിസ്രയേൽമൂപ്പന്മാർ എല്ലാവരും ഒന്നിച്ചുകൂടി. രാമയിൽ ശമൂവേലിന്റെ അടുക്കൽ വന്ന്, അവനോട്: നീ വൃദ്ധനായിരിക്കുന്നു; ***സകല ജാതികൾക്കുമുള്ളതുപോലെ*** ഞങ്ങളെ ഭരിക്കേണ്ടതിന് ഞങ്ങൾക്ക് ഒരു രാജാവിനെ നിയമിച്ചുതരേണമെന്നു ആവശ്യപ്പെട്ടു. ഞങ്ങളെ ഭരിക്കേണ്ടതിന് രാജാവിനെ തരേണമെന്ന് അവർ പറഞ്ഞ കാര്യം ശമൂവേലിന്റെ ദുഖത്തിന് ആരംഭം കുറിച്ചു. ചുറ്റുമുള്ള ജാതികളെ നിരീക്ഷിക്കുകയും അവരുടെ രീതി പോലെ തങ്ങളെയും ഭരിക്കുവാൻ ഒരു രാജാവിനെവേണമെന്ന് ശഠിക്കുകയും ചെയ്തതു കൊണ്ടാണ് അവർ ശമുവേലിനോട് അങ്ങനെ സംസാരിച്ചത്. അവരെ നിരുത്സാഹപ്പെടുത്തുവാനുള്ള പ്രവാചകന്റെ ശ്രമം ഫലം കണ്ടില്ല. ഈ പശ്ചാത്തലത്തിൽ ദൈവം ശമുവേലിനോട് പറഞ്ഞത്, അവർ നിന്നെയല്ല, ഞാൻ അവരെ ഭരിക്കാതിരിക്കേണ്ടതിനു എന്നെ അത്രേ ത്യജിച്ചു കളഞ്ഞത്.

തന്റെ ന്യായപാലനത്തിന് കീഴിൽ ആയിരുന്ന ജനം ദൈവത്തെക്കാൾ ഒരു രാജാവ് അവരെ ഭരിക്കണം എന്ന് ആവശ്യപ്പെട്ടത് പ്രവാചകന്റെ ദു:ഖത്തിന് ആക്കം കൂട്ടി. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവർ പ്രവാചകനെ മാത്രമല്ല ദൈവത്തെയും വേദനിപ്പിച്ചു. ഇവിടെ നമുക്ക് സുപ്രധാനമായ ഒരു ദൂത് ലഭിക്കുന്നുണ്ട്. നാമും ലോകത്തോട് അനുരൂപരായി ജാതികളെപ്പോലെ ചിന്തിക്കയും ആഗ്രഹിക്കയും പ്രവർത്തിക്കയും അല്ലേ പലപ്പോഴും ചെയ്യാറുള്ളത്? ലോകസ്നേഹം ദൈവത്തോട് ശത്രുത്വം

**ചുറ്റുമുള്ള ജാതികളെ നിരീക്ഷിക്കുകയും അവരുടെ രീതി പോലെ തങ്ങളെയും ഭരിക്കുവാൻ ഒരു രാജാവിനെ വേണമെന്ന് ശഠിക്കുകയും ചെയ്തതു കൊണ്ടാണ് അവർ ശമുവേലിനോട് അങ്ങനെ സംസാരിച്ചത്. അവരെ നിരുത്സാഹപ്പെടുത്തുവാനുള്ള പ്രവാചകന്റെ ശ്രമം ഫലം കണ്ടില്ല.**

ആകുന്നു എന്ന് തിരുവെഴുത്തു സ്പഷ്ടമായി പറയുമ്പോൾ ഇതിനനുസരിച്ചാണോ നമ്മുടെ ജീവിതം എന്ന്ശോധന ചെയ്യുക. ഇത്തരക്കാരെ വ്യഭിചാരിണികൾ എന്നല്ലേ യാക്കോബ് 4: 4 ൽ വിളിച്ചിരിക്കുന്നത് ? ഇത് നമുക്ക് അഭികാമ്യമോ?

രാജകീയ സ്ഥാനത്തേക്ക് പ്രവേശിച്ച ശൗൽ തുടക്കത്തിൽ ദൈവഹിതത്തിന് വിധേയപ്പെട്ട് കാര്യങ്ങളെല്ലാം ഭംഗിയായി ചെയ്തു. ശമുവേൽ പ്രവാചകൻ പറയുന്ന ദൈവത്തിന്റെ അരുളപ്പാടിന് വിരുദ്ധമായി ഒന്നും തന്നെ ചെയ്തിരുന്നില്ല. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ, ശൗൽ ദൈവത്തിന് അനിഷ്ടമായതൊക്കെയും പ്രവർത്തിച്ചു. അത് ദൈവകോപത്തിന് കാരണമായി. യാതൊരു അർഹതയും സാധ്യതകളും ഇല്ലാതിരുന്ന സ്ഥാനത്തുനിന്ന് ദൈവം തന്നെ രാജാവാക്കി എന്ന സത്യത്തെ അവൻ മറന്നു. അവനിലേക്ക് അഹങ്കാരവും, നിഗളവും പ്രവേശിച്ചു. അത് ദൈവവുമായുള്ള തന്റെ ബന്ധം വിച്ഛേദിക്കുന്നതിനു കാരണമായി. ഇതാണ് ശമുവേലിനെ ദു:ഖിപ്പിച്ച മറ്റൊരു വാർത്ത. ഇതേത്തുടർന്ന് ദൈവം ശമുവേലിനോട് പറയുന്നു: നീ യിശായിയുടെ ഭവനത്തിലേക്ക് ചെല്ലണം അവിടെ ഞാൻ യിസ്രയേലിനു ഒരു രാജാവിനെ കണ്ടിരിക്കുന്നു. പ്രിയ സഹോദരങ്ങളെ, വിശ്വസ്ഥർ എന്ന് എണ്ണി ദൈവം നമ്മെ ഉത്തരവാദിത്തങ്ങൾ ഭരമേൽപ്പിക്കുമ്പോൾ, നാം അതിൽ അവിശ്വസ്ഥരായാൽ ദൈവം മറ്റൊരാളെ എഴുന്നേൽപ്പിക്കും. അതിനാൽ നമ്മിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അന്ത്യത്തോളം വിശ്വസ്ഥതയോടെ നിറവേറ്റുവാൻ നാം തയ്യാറാകണം. പിതാവ് ഭരമേല്പിച്ച ഉത്തരവാദിത്വങ്ങൾ എല്ലാം നിവർത്തിച്ചതിനുശേഷം യേശു ക്രൂശിൽ മൊഴിഞ്ഞതുപോലെ 'സകലവും നിവർത്തിയായി' എന്ന് പറയുവാൻ നമുക്ക് കഴിയണം.

യിശ്ശായിയുടെ ഭവനത്തിൽ എത്തിയ ശമുവേൽ യിശ്ശായിയുടെ മക്കളിൽ നിന്നും യിസ്രായേലിന്റെ രാജാവിനെ തിരഞ്ഞു കൊണ്ടിരുന്നു. യിശ്ശായിയുടെ മക്കൾ ഓരോരുത്തരായി ശമുവേലിന്റെ മുൻപിലേക്ക് വന്നു. അവരുടെയെല്ലാം ശരീരഘടനയും രീതികളും ശമുവേലിന് ഇഷ്ടമായി, അതിനാൽ അവരിൽ ഒരാളെ രാജാവായി തിരഞ്ഞെടുക്കുവാൻ ശമുവേലിന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ദൈവം അതിനു സമ്മതിച്ചില്ല. യിശ്ശായിയുടെ ഏഴു പുത്രന്മാർ വന്നതിനു ശേഷം ശമുവേൽ യിശ്ശായിയോട് ചോദിക്കുന്നു

**വിശ്വസ്ഥർ എന്ന് എണ്ണി ദൈവം നമ്മെ ഉത്തരവാദിത്തങ്ങൾ ഭരമേൽപ്പിക്കുമ്പോൾ, നാം അതിൽ അവിശ്വസ്ഥരായാൽ ദൈവം മറ്റൊരാളെ എഴുന്നേൽപ്പിക്കും. അതിനാൽ നമ്മിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അന്ത്യത്തോളം വിശ്വസ്ഥതയോടെ നിറവേറ്റുവാൻ നാം തയ്യാറാകണം.**

നിന്റെ പുത്രന്മാർ എല്ലാവരും ആയോ? അപ്പോൾ ആ പിതാവ് തന്റെ എട്ടാമത്തെ മകനായ ദാവീദിനെക്കുറിച്ച്, അവൻ ഒരു ആട്ടിടയൻ ആണെന്നും ആടിനെ മേയ്ക്കാൻ പോയിരിക്കുകയാണെന്നും പറയുന്നു. അപ്പന്റെ കണക്കുകൂട്ടലിൽ ആട്ടിടയനും ഇളയ മകനുമായ ദാവീദ് രാജാവാകുവാൻ പരിഗണനാർഹനായിരുന്നില്ല. അതുകൊണ്ടാണ് അവന് വലിയ പ്രാധാന്യം അപ്പൻ കൽപ്പിക്കാതിരുന്നതും പ്രവാചകൻ വന്നപ്പോൾ ക്ഷണിക്കാതിരുന്നതും. ശമുവേലിന്റെ നിർബന്ധം നിമിത്തം അപ്പൻ ആളയച്ച് ദാവീദിനെ വരുത്തുന്നു. അങ്ങനെയൊരു ക്ഷണം ദാവീദ് ഒരിക്കൽപോലും പ്രതീക്ഷിച്ചതല്ല. എന്നും ആടുകളോടൊപ്പം ഉറങ്ങുവാനും അവയോടൊപ്പം സഞ്ചരിക്കുവാനും ആയിരുന്നു തന്റെ നിയോഗം. എന്നാൽ ആട്ടിടയനെ ദൈവം രാജാവാക്കി. ശമുവേൽ കൊണ്ടുവന്ന തൈലം ദാവീദിന്മേൽ ഒഴിച്ചു. അന്നുമുതൽ ദൈവത്തിന്റെ ആത്മാവ് ദാവീദിന്റെ മേൽ വന്നു .

അങ്ങനെ യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു ദാവീദ്. പക്ഷേ സിംഹാസനത്തിലേക്കുള്ള യാത്ര വളരെ പ്രയാസം നിറഞ്ഞതായിരുന്നു. ദാവീദിനെ രാജാവായി അംഗീകരിക്കാത്ത കുറച്ച് ആളുകൾ അവിടെ ഉണ്ടായിരുന്നു, തനിക്കു മുൻപായി രാജസ്ഥാനത്തിരുന്ന ശൗൽ ദാവീദിനെ രാജാവായി അംഗീകരിച്ചില്ല. തന്റെ അധികാരം നിലനിർത്തുവാൻ വേണ്ടി അവൻ നെട്ടോട്ടമോടി. ദൈവം അഭിഷേകം ചെയ്ത ദാവീദിനെ വധിക്കുവാൻ വരെ ശ്രമിച്ചു. ഏതുവിധേനയും തന്റെ അധികാരം നിലനിർത്തുവാൻ വേണ്ടി ശൗൽ നീക്കങ്ങൾ നടത്തിക്കൊണ്ടിരുന്നു. അധികാരം അവന് ഒരു

ഭ്രാന്തായി മാറി. എങ്ങനെയും അധികാരം നില നിർത്തുവാൻ വേണ്ടി അവൻ തെറ്റായ പാതകളിൽ സഞ്ചരിക്കുവൻ തുടങ്ങി. ശൗലിന്റെ പ്രവർത്തികൾ ദാവീദിന്റെ ഉറക്കം കെടുത്തി. ദാവീദ് കാടുകളിലേക്കും മലകളിലേക്കും പലായനം തുടങ്ങി. എവിടെയും തനിക്ക് സ്ഥിരമായി നിൽക്കാൻ കഴിയുന്നില്ല,അവൻനെട്ടോട്ടമോടുകയാണ്.

യഥാർത്ഥത്തിൽ ശൗലിന്റെ രാജസ്ഥാനം നഷ്ടമായിരിക്കുന്നു. ആ സ്ഥാനത്തേക്ക് ദൈവം ദാവീദിനെ തിരഞ്ഞെടുത്തിരിക്കുന്നു. എങ്ങനെയും തന്റെ അധികാരം നിലനിർത്തുവാൻ ദാവീദിന് ശ്രമിക്കാമായിരുന്നു. എന്നാൽ അവൻ അതിനു ശ്രമിച്ചില്ല. രാജാവായി അഭിഷേകം ചെയ്യപ്പെട്ട ദാവീദ് കാട്ടിലേക്കും മലമുകളിലേക്കും നിന്ദിക്കപ്പെട്ടും പരിക്ഷീണനുമായി നെട്ടോട്ടമോടുമ്പോഴും ആളുകളെ കൂട്ടി തനിക്ക് വേണമെങ്കിൽ മാനുഷിക തന്ത്രങ്ങളുപയോഗിച്ചു രാജാവാകമായിരുന്നു. എന്നാൽ അധികാരത്തെക്കാൾ അധികമായി ദൈവത്തിന് വിധേയപ്പെടുവാൻ താൻ തയ്യാറായി. ലഭിക്കുവാൻ പോകുന്ന രാജപദവിയെക്കാൾ ദൈവഹിതത്തിനു മുന്നിൽ തന്നെ സമർപ്പിച്ചു കൊടുത്തു. അധികാരത്തിലെത്തുവാനോ അധികാരം നിലനിർത്തുവാനോ യാതൊരു ഉപായങ്ങളും തെറ്റായ മാർഗ്ഗങ്ങളും സ്വീകരിച്ചില്ല. മറുവശത്താകട്ടെ തന്റെ അധികാരം നിലനിർത്തുവാൻ ശൗൽ തനിക്ക് മുൻപിലുള്ള സകല സാധ്യതകളും ഉപയോഗിക്കുന്നു.

പ്രിയരേ, നാം ആരെപ്പോലെയാണ്? ശൗലിനെപ്പോലെയോ അതോ, ദാവീദിനെപ്പോലെയോ? ഈ ലോകത്തിലെ താൽക്കാലികമായ അംഗീകാരങ്ങൾക്കും നേട്ടങ്ങൾക്കും അധികാരങ്ങൾക്കും സ്ഥാനമാന മഹിമകൾക്കും വേണ്ടി നാം ശൗലിനെ പോലെ വളഞ്ഞ വഴികളിലൂടെ പോരാടുകയാണോ? അതോ, കഷ്ടങ്ങൾ സഹിഷ്ണുതയോടെ സഹിച്ചു കൊണ്ട് ദൈവഹിത പ്രകാരം മാത്രം കാര്യങ്ങൾ നടക്കട്ടെ എന്ന ബോധ്യത്തിൽ മിണ്ടാതിരുന്നു ദൈവപ്രവർത്തി വെളിവാകുവാൻ ദാവീദിനെപ്പോലെ ദൈവത്തിനായി കാത്തിരിക്കുന്നവരോ? അതേ, ദാവീദിനെപ്പോലെ യഹോവയ്ക്കായി കാത്തിരിക്കുന്നവർ ഒരിക്കലും ലജ്ജിതരാവുകയില്ല, നിശ്ചയം. •

# ഇതല്ലേ യഥാർത്ഥ വിജയം?

**തോൽക്കാൻ ആരും ഇഷ്ടപ്പെടുന്നില്ല. ജയിക്കുന്നത് രസകരമാണെങ്കിലും തോൽക്കുന്നത് ബുദ്ധിമുട്ടാണ്. എന്നെ ശക്തനാക്കുന്ന ക്രിസ്തുവിലൂടെ എനിക്ക് എല്ലാം ചെയ്യാൻ കഴിയും എന്നതായിരുന്നു പൗലോസിന്റെ വിജയരഹസ്യം. ഈ വാക്യം വ്യത്യസ്തമായ ഒരു വിജയത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ജീവിതത്തിൽ വെല്ലുവിളികളും പ്രയാസങ്ങളും നേരിടുമ്പോൾ നിങ്ങൾ എങ്ങനെ പ്രതികരിക്കും? അത്തരം സാഹചര്യങ്ങളിൽ നിങ്ങൾക്ക് വിജയമുണ്ടോ? കഷ്ടപ്പാടിലൂടെ കടന്നു പോകുമ്പോൾ നിങ്ങൾക്ക് വിജയം നേടാനാകുമോ? പൗലോസ് വീട്ടുതടങ്കലിലാണ്. റോമൻ ചക്രവർത്തിയുടെ മുമ്പാകെ വിചാരണ കാത്തിരിക്കുന്നു. നീറോ ചക്രവർത്തി ക്രിസ്ത്യാനികളോട് ശത്രുതയുള്ളവനാണെന്ന് തിരിച്ചറിഞ്ഞതിനാൽ മരണം തന്റെ തടവറയുടെ അവസാന ഘട്ടമാണെന്ന് അദ്ദേഹം മനസിലാക്കിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഏതു സാഹചര്യത്തിലും പിറുപിറുക്കാതെയും ആവലാതി പറയാതെയും സംതൃപ്തനായിരിക്കുന്നതിന്റെ രഹസ്യം താൻ വെളിപ്പെടുത്തുന്നത്. ക്രിസ്തുവിലൂടെ പഠിച്ചതാണെന്നും പഠിച്ചത് പ്രായോഗിക ജീവിതത്തിൽ പരിശീലിക്കുവാൻ കൃപ നൽകി അവസരം ഒരുക്കിയത് ദൈവമാണെന്നുമാണ് പൗലോസിന്റെ അവകാശവാദം! സംതൃപ്തി ഒരാളുടെ പരിസ്ഥിതിയുമായോ സാഹചര്യവുമായോ നേരിട്ട് ബന്ധപ്പെട്ടതല്ലെന്നു അദ്ദേഹം മനസ്സിലാക്കി. സഭയെ അത് പഠിപ്പിക്കുവാൻ ഉത്സാഹിച്ചു. സാഹചര്യങ്ങൾ പലരുടെയും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു, ദൈവം ഒരിക്കലും മാറുന്നില്ല. എന്നാൽ പൗലോസ് തന്റെ എല്ലാ സാഹചര്യങ്ങളിലും സംതൃപ്തനായിരുന്നു. കാരണം മനുഷ്യരിലോ ഈ ലോകത്തിലോ പ്രത്യാശ വെച്ചില്ല, പ്രത്യുത ദൈവത്തിലായിരുന്നു പ്രത്യാശ എന്നതിനാലാണ്. അതല്ലേ വിജയകരമായ ജീവിതം?**

## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ



ജോയ് എം. തോമസ്

# സൗമ്യനായ രാജാവ്

***'അനന്തരം അവർ യെരുശലേമിനോട് സമീപിച്ച് ഒലിവ് മലയരികെ ബേത്തഫാ ഗയിലെത്തിയപ്പോൾ, യേശു രണ്ടു ശിഷ്യന്മാരെ അയച്ചു: നിങ്ങൾക്ക് എതിരെയു ള്ള ഗ്രാമത്തിൽ ചെല്ലുവിൻ, അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺ കഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും, അവയെ അഴിച്ചു കൊണ്ടു വരു വിൻ. നിങ്ങളോട് ആരാനും വല്ലതും പറഞ്ഞാൽ: കർത്താവിന് ഇവയെ കൊണ്ട് ആവശ്യമുണ്ട് എന്ന് പറയുവിൻ, തത്ക്ഷണം അവൻ അവയെ അയയ്ക്കും എ ന്ന് പറഞ്ഞു. 'സീയോൻപുത്രിയോട്: ഇതാ നിന്റെ രാജാവ് സൗമ്യനായി കഴുത പ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വ രുന്നു എന്ന് പറവിൻ എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം അരുളി ചെയ്തതിന് നിവർത്തി വരുവാൻ ഇത് സംഭവിച്ചു. ശിഷ്യന്മാർ പുറപ്പെട്ടു യേശു കല്പിച്ചത് പോലെ ചെയ്തു. കഴുതയെയും കുട്ടിയെയും കൊണ്ടുവന്നു തങ്ങളുടെ വസ്ത്രം അവയുടെ മേൽ ഇട്ടു. അവൻ കയറിയിരുന്നു. പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു. മറ്റു ചിലർ വൃക്ഷങ്ങളിൽ നിന്ന് കൊമ്പ് വെട്ടി വഴി യിൽ വിതറി. മുമ്പും പിമ്പും നടന്ന പുരുഷാരം: ദാവീദ് പുത്രന് ഹോശന്നാ, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ അത്യുന്നതങ്ങളിൽ ഹോശ ന്നാ എന്നു ആർത്തുകൊണ്ടിരുന്നു. അവൻ യെരുശലേമിൽ കടന്നപ്പോൾ നഗ രം മുഴുവനും ഇളകി. ഇവൻ ആർ എന്നു പറഞ്ഞു. ഇവൻ ഗലീലയിലെ നസറേത്തി ൽ നിന്നുള്ള പ്രവാചകനാ യേശു എന്നു പുരുഷാരം പറഞ്ഞു' (മത്തായി21:11).***

**യേ**ശുകർത്താവിന്റെ യെരുശലേം യാത്രയോട് അനുബന്ധിച്ചുള്ള സംഭവമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ യാത്ര വളരെ പ്രധാനപ്പെട്ടതാണ്. മനുഷ്യ വർഗ്ഗത്തിന് പകരക്കാരനായി പാപപരിഹാര ബലിയാവുക എന്ന തന്റെ ജഡാവതാര ത്തിന്റെ ആത്യന്തിക ലക്ഷ്യം പൂർത്തീകരിക്കുന്നതിനായുള്ള യാത്രയായിരുന്നു ഇത്. അതുകൊണ്ട് ഇസ്രായേൽ ജനത്തിന് വാഗ്ദത്വം ചെയ്യപ്പെട്ട വാഗ്ദത്ത മശിഹ ആയി അവരുടെ രാജാവായിട്ടാണ് അവിടുന്ന് യെരുശലേമിലേക്ക് പ്രവേശിക്കുന്നത്. രാഷ്ട്രീ യമായി അവരെ കീഴ്പ്പെടുത്തിയ റോമൻ കൈസർക്കെതിരെ പൊരുതുവാൻ ആയി രുന്നില്ല ആ യാത്ര, പ്രത്യുത, ആത്മീയമായി അവരെ കീഴ്പെടുത്തി, പാപത്തിന്റെ അടിമകൾ ആക്കിയ ഇരുട്ടിന്റെ അധിപതിയായ പിശാചിനോടുള്ള പോരാട്ടത്തിനാ യിരുന്നു അവിടുന്ന് യെരുശലേമിലേക്ക് വിജയജാഥ നയിച്ച് പ്രവേശിച്ചത്.

യേശു യെരുശലേമിനോട് സമീപം ഒലിവ് മലയരികെ ബേത്ത്ഫാഗഎന്ന ഗ്രാമ ത്തിലെത്തി. ബെഥാന്യയ്ക്കും യെരുശലേമിനും ഇടയിലുള്ള ബെഥാന്യയ്ക്കു സമീ പമുള്ള ഗ്രാമമാണ് ബേത്ത്ഫാഗ. യെരുശലേമിൽ നിന്നും ഏതാണ്ട് രണ്ടു മൈൽ ദൂരം. അവിടെനിന്നും അതിനെതിരെയുള്ള ഗ്രാമത്തിലേക്ക് യേശു തന്റെ രണ്ട് ശിഷ്യ ന്മാരെ പറഞ്ഞയയ്ക്കുന്നു: 'അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും

അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും, അവയെ അഴിച്ചു കൊണ്ടുവരിക. നിങ്ങളോട് ആരാനും വല്ലതും പറഞ്ഞാൽ കർത്താവിന് ഇവയെ കൊണ്ട് ആവശ്യമുണ്ട് എന്ന് പറവിൻ: തത്ക്ഷണം അവൻ അവയെ അയയ്ക്കും എന്ന് പറഞ്ഞു.'

കർത്താവ് ഏൽപ്പിച്ച ദൗത്യങ്ങൾ സംശയിക്കാതെ, ചോദ്യം ചെയ്യാതെ അനുസരിക്കുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞു. അത് കർത്താവിലുള്ള അവരുടെ വിശ്വാസം ആയിരുന്നു. കർത്താവ് ഒരിക്കലും അസാധ്യമോ അനാവശ്യമോ ആയ കാര്യങ്ങൾ ചെയ്യുവാൻ തങ്ങളോട് ആവശ്യപ്പെടില്ല എന്നു ശിഷ്യന്മാർക്ക് ഉറപ്പുണ്ടായിരുന്നു. ഈ ഉറപ്പ് നമുക്കും ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ കർത്താവ് നമ്മെ ദൗത്യങ്ങൾ ഭരമേൽപ്പിക്കുകയുള്ളൂ. കർത്താവ് നമ്മെ ദൗത്യങ്ങൾ ഏൽപ്പിക്കാതെ നമുക്ക് ആർക്കും കർത്താവാനായി ഒന്നും ചെയ്യുവാൻ കഴിയുകയില്ലല്ലോ. നമ്മെ ഏൽപ്പിക്കുന്ന ദൗത്യങ്ങൾ ചെയ്യുവാനുള്ള കൃപയും നമ്മിൽ പകരപ്പെട്ടിട്ടുണ്ട്.

ശിഷ്യന്മാർ കർത്താവ് ചൂണ്ടിക്കാണിച്ച ഗ്രാമത്തിൽ എത്തി. കർത്താവ് പറഞ്ഞതുപോലെ പെൺ കഴുതയെയും അതിന്റെ കുട്ടിയായ കഴുതയെയും കണ്ടു. അവർ അതിനെ അഴിച്ചപ്പോൾ ഉടമസ്ഥൻ കാര്യം ആരാഞ്ഞു. കർത്താവ് പറയുവാൻ പറഞ്ഞത് മാത്രം അവർ പറഞ്ഞു: 'കർത്താവിന് ഇവയെ കൊണ്ട് ആവശ്യമുണ്ട് '. ഉടമസ്ഥൻ പിന്നീട് ഒന്നും പറഞ്ഞില്ല, പൂർണ്ണ മനസോടെ അതിനെ വിട്ടുകൊടുത്തു. കാരണം തന്റെയും തനിക്കുള്ള സകലത്തിന്റെയും 'യഥാർത്ഥ ഉടമസ്ഥൻ' കർത്താവാണ് എന്നുള്ളത് അദ്ദേഹം ഗ്രഹിച്ചു. അതല്ലേ ശരി? നമ്മുടെ ഉടമസ്ഥൻ കർത്താവല്ലേ? നമ്മുടെ സൃഷ്ടാവും പരിപാലകനും എല്ലാം കർത്താവാണ്. അവിടുത്തെ ഉടമസ്ഥതയിൽ ഉള്ളവരാണ് നാം. നമുക്കുള്ളതെല്ലാം ദൈവം നൽകിയതാണ്. എന്തുവേണമെങ്കിലും, എപ്പോൾ വേണമെങ്കിലും തന്റെ ഉപയോഗത്തിനായി ചോദിക്കുവാൻ അധികാരം ആ ഉടമസ്ഥനുണ്ട്. യഥാർത്ഥ ഉടമസ്ഥനായ കർത്താവിനായി അവിടുന്ന് നൽകിയ ദാനങ്ങളെ പ്രയോജനപ്പെടുത്തുന്നത് എത്ര വലിയ സൗഭാഗ്യമാണ്. ഈ പരിജ്ഞാനം നമ്മെ ഭരിക്കട്ടെ!

കഴുതപ്പുറത്ത് യെരുശലേമിലേക്ക് പ്രവേശിക്കുക എന്നത് കർത്താവിന് അപ്പോൾ തോന്നിയ ഒരു ആശയം ആയിരുന്നില്ല. പ്രത്യുത, ദൈവം മുൻകൂട്ടി നിശ്ചയിച്ച കാര്യപരിപാടി ആയിരുന്നു . ഈ സംഭവത്തിന് ഏതാണ്ട് 500 വർഷങ്ങൾക്കു മുമ്പ് സെഖര്യാവ് എന്ന പ്രവാചകൻ മുഖാന്തരം (സെഖര്യാവ് 9:9) അരുളി ചെയ്ത വചന നിവർത്തി ആയിരുന്നു. കഴുതക്കുട്ടിയുടെ പുറത്ത് കയറിവരുന്നത് മശിഹയെ തിരിച്ചറിയുവാനുള്ള അടയാളമായിരുന്നു. ആ പ്രവചനം എത്ര വ്യക്തമായിരുന്നു: 'സീയോൻ പുത്രിയോട്: ഇതാ നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്ന് പറയുവിൻ' ഈ വചനം വിശ്വസിക്കുകയും അതിന്റെ നിവർത്തിക്കായി കാത്തിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ യഹൂദാ ജനത്തിന് അവരുടെ മശിഹയെ തിരിച്ചറിയുവാൻ ബുദ്ധിമുട്ട് ഉണ്ടാവുകയില്ലായിരുന്നു.

മശിഹായുടെ സ്വഭാവം സൗമ്യതയും താഴ്മയും ആണ്. ഒരു കഴുതക്കുട്ടിയുടെ പുറത്ത് കയറിവരുന്ന അവരുടെ രാജാവ് പൂർണ്ണ താഴ്മയോടെയാണ് തന്റെ ജനത്തിന്റെ നടുവിലേക്ക് വരുന്നത്. എന്നാൽ അവർ പ്രതീക്ഷിക്കുന്ന മശിഹ വ്യത്യസ്തനായിരുന്നു. ഒരുപക്ഷേ കുതിരപ്പുറത്ത് കയറി ആയുധമേന്തിയ സൈന്യത്തിന്റെ അകമ്പടിയോടെ റോമിന്റെ ആധിപത്യത്തിൽ നിന്നും തങ്ങളുടെ രാഷ്ട്രത്തെ മോചിപ്പിച്ച് ഇസ്രായേൽ രാഷ്ട്രത്തെ പുനരുദ്ധരിക്കുന്ന ഒരു പരാക്രമിയായ രാജാവായിരുന്നു അവരുടെ പ്രതീക്ഷയും സങ്കല്പവും. അവരുടെ പ്രതീക്ഷയ്ക്ക് ഒത്ത മശിഹയ്ക്കു വേണ്ടി അവർ കാത്തിരുന്നു. ദൈവം വാഗ്ദത്തം ചെയ്ത യഥാർത്ഥ മശിഹയ്ക്ക് വേണ്ടി ആയിരുന്നില്ല അവരുടെ കാത്തിരിപ്പ്.

ദൈവം അരുളിചെയ്യുന്ന വചനങ്ങൾ യഥാർത്ഥമായി ഗ്രഹിക്കാത്തത് കൊണ്ടുള്ള അപകടമാണ് ഇത്. യേശുവിനെക്കുറിച്ച് മാനുഷിക ചിന്തയിൽ ചില ധാരണകൾ വളർത്തി അതിനെ വിശ്വാസമായി സ്വീകരിക്കുക അല്ല നാം ചെയ്യേണ്ടത് .പ്രത്യുത ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന അറിവുകൾ ഉൾക്കൊണ്ട് വിശ്വസിക്കുകയാണ് ആവശ്യം. ക്രിസ്തീയ ഗോളത്തിൽ നിലനിൽക്കുന്ന പല അബദ്ധ വിശ്വാസങ്ങൾക്കും ദുരുപദേശങ്ങൾക്കും എല്ലാം കാരണം ദൈവവചനത്തിൽ നിന്നു ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട് ഗ്രഹിക്കാത്തതു കൊണ്ടും, ക്രിസ്തുവിനെ യഥാർത്ഥമായി വചനത്തിൽ നിന്ന് മനസ്സിലാക്കാത്തതു കൊണ്ടുമാണ്.. വചനം യഥാർത്ഥമായി ഗ്രഹിക്കുന്നതിനുള്ള മനസ്സും ഉത്സാഹവും നമുക്ക്

ഓരോരുത്തർക്കും ഉണ്ടാകണം. കർത്താവിനെ കൂടുതൽ അറിയുവാനും കർത്താവിന്റെ ഹിതം തിരിച്ചറിയുവാനുള്ള ആഗ്രഹത്തോടെ ദൈവവചനം ഉത്സാഹപൂർവ്വം വായിക്കുകയും ധ്യാനിക്കുകയും ചെയ്യണം.

കഴുതപ്പുറത്ത് കയറിയ യേശുവിനെ ആവേശത്തോടെ എതിരേൽക്കുന്ന ജനങ്ങളെ നാം കാണുന്നു. അവർ വൃക്ഷ കൊമ്പുകൾ വെട്ടി വഴിയിൽ വിതറി. വസ്ത്രങ്ങൾ ചിലർ വഴിയിൽ വിരിച്ചു. ദാവീദ് പുത്രന് ഹോശന്നാ എന്നു പാടി. ദാവീദ് പുത്രാ  എന്ന വിശേഷണം മശിഹയ്ക്ക് ഉള്ളതാണ്. യേശുവിനെ മശിഹയായി  അവർ അംഗീകരിച്ചു. എന്നാൽ യേശുവിൽ നിന്നും അവർ  പ്രതീക്ഷിച്ചത് രാജാവായി രാജ്യം വീണ്ടെടുക്കുന്ന ഒരു പ്രവർത്തനമായിരുന്നു. അവരെ പാപത്തിൽ നിന്നും വീണ്ടെടുക്കുന്ന ആ മഹത് ദൗത്യത്തിന്റെ പൊരുൾ അവർക്ക് മനസ്സിലായില്ല. അവരിൽ കാണുന്ന ആവേശം വിശ്വാസത്തിൽ നിന്നും ഉളവായ  ഉത്സാഹം ആയിരുന്നില്ല, വികാര തള്ളലാൽ ഉണ്ടാകുന്ന വെറും ഒരു ആവേശം. ആവേശം കുറച്ചു കഴിഞ്ഞപ്പോൾ കെട്ടടങ്ങി. മശിഹായെ മനസ്സിലാക്കി വിശ്വാസം അർപ്പിച്ചവർ തുലോം കുറവായിരുന്നു. അവർ ക്രിസ്തുവിന്റെ പുനരുദ്ധാനത്തിന് സാക്ഷികൾ ആയി.

ഇന്നും ക്രിസ്ത്യാനികളിൽ നല്ല ഒരു പങ്കും യേശുവിനെ ഒരു ഹീറോ ആയി കാണാനാണ് ഇഷ്ടപ്പെടുന്നത്. രോഗസൗഖ്യം നൽകുന്ന, കടഭാരം മാറ്റുന്ന, അൽഭുതങ്ങൾ പ്രവർത്തിക്കുന്ന ഒരു ഹീറോ. അങ്ങനെമാത്രം യേശുവിനെ കാണുന്നവർ സ്വയസ്നേഹികളും നിഗളഭാവവും അഹങ്കാരവും നിറഞ്ഞവരുമായി കാണപ്പെടുന്നു. ജീവിത വിശുദ്ധിയോ യേശുവിന്റെ സ്വഭാവത്തോടു  അനുരൂപപ്പെടുന്ന കാര്യമോ അവരുടെ ചിന്തയിൽപ്പോലും  സ്ഥാനം പിടിച്ചിട്ടില്ല. ഇത് എതിർ ക്രിസ്തുവിന്റെ  പ്രവർത്തിയാണ്.

യഥാർത്ഥ ക്രിസ്തുവിനെ പിൻപറ്റുന്നവർ അവിടുത്തെ കർതൃത്വത്തെ അംഗീകരിക്കുന്നു.യേശു കർത്താവിന്റെ ജീവിതമാതൃക സ്വീകരിക്കുന്നു. പാപത്തിൽ നശിക്കുന്ന ജനങ്ങളെ കുറിച്ച് ആത്മഭാരമുള്ളവരായി അവരെ രക്ഷകനിലേക്ക് നയിക്കുവാനും, ജീവിതവിശുദ്ധിയിൽ യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്ന ജീവിതം നയിക്കുവാനും ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവർ തന്നെ ദൈവകൃപയിൽ ആശ്രയിച്ച് പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നതിനും മാതൃകയുള്ള ജീവിതം നയിക്കുന്നതിനും ശ്രദ്ധിക്കുന്നു. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: ‘സഹോദരന്മാരെ... നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ, ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃക പ്രകാരം നടക്കുന്നവരെയും കുറിക്കൊള്ളുവിൻ. ഞാൻ പലപ്പോഴും നിങ്ങളോട് പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞുകൊണ്ട് പറയുന്നു. അവരുടെ അവസാനം നാശം, അവരുടെ ദൈവം വയറ്. ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു. അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ  മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും’ (ഫിലിപ്പിയർ 3:17-21).

**ഭൂമിയിലുള്ളത് ചിന്തിച്ച് ഭൂമിയിലെ നേട്ടങ്ങളിൽ ആത്മപ്രശംസ നടത്തി അവയ്ക്ക് ‘അനുഗ്രഹം’ എന്ന ഓമനപ്പേരിട്ട്, അമാതൃകയായി തീരുന്നവരെ നാം സൂക്ഷിച്ചു ഒഴിയണം.**

കർത്താവിന്റെ അപ്പോസ്തലന്മാർക്ക് ഉണ്ടായിരുന്ന ഉന്നതമായ ജീവിത ദർശനമാണോ  ഇന്നുള്ള  ആത്മീയ നേതാക്കൾക്ക് ഉള്ളത്. യേശു കാണിച്ച, അപ്പോസ്തലന്മാർ  പിന്തുടർന്ന ജീവിത മാതൃക സ്വീകരിക്കുന്നവർ എത്രപേരുണ്ട്.. അവരെയാണ് നാം ശ്രദ്ധിക്കേണ്ടത്.  അല്ലാത്തവർ വയറുമാത്രം ദൈവമായി കണ്ടു പ്രവർത്തിക്കുന്നവരാണ്. ഭൂമിയിലുള്ളത് ചിന്തിച്ച് ഭൂമിയിലെ നേട്ടങ്ങളിൽ ആത്മപ്രശംസ നടത്തി അവയ്ക്ക് ‘അനുഗ്രഹം’ എന്ന ഓമനപ്പേരിട്ട്, ലജ്ജയായതിനെ മാനം എന്നെണ്ണി  അമാതൃകയായി തീരുന്നവരെ നാം സൂക്ഷിച്ചു ഒഴിയണം.

കഴുതപ്പുറത്ത് കയറിവന്ന സൗമ്യനായ രാജാവിനെ, യഥാർത്ഥ മശിഹയെ  യഹൂദ മത നേതൃത്വം തള്ളിക്കളഞ്ഞു. എത്ര കഷ്ടം! •

ഒരു ഗുരുതരമായ പ്രശ്നം ഉണ്ട്. യേശുക്രിസ്തു പാപം ചെയ്യാൻ പരീക്ഷിക്കപ്പെട്ടുവോ? ദൈവത്തെ പാപത്താൽ പരീക്ഷിക്കാൻ കഴിയുമോ? യേശുക്രിസ്തു എപ്പോഴെങ്കിലും പാപം ചെയ്താലോ എന്ന് ആലോചിക്കുകയെങ്കിലും ചെയ്തിട്ടുണ്ടോ? പാപം ചെയ്യാം എന്ന ഓപ്ഷൻ പരിഗണിച്ചോ? യേശുക്രിസ്തു ദൈവം ആകയാൽ ദോഷങ്ങളാൽ പരീക്ഷിക്കപ്പെടുന്നില്ല എന്ന് നാം വചനത്തിൽ വായിക്കുന്നു. എന്നാൽ അതേസമയം പരീക്ഷിക്കപ്പെട്ടില്ലെങ്കിൽ നമ്മോടു സഹതാപം കാണിക്കാൻ എങ്ങനെ കഴിയും? വളരെയധികം ആളുകൾ പറയുന്നത്: യേശുക്രിസ്തു പാപത്താൽ പ്രലോഭിപ്പിക്കപ്പെട്ടു എന്നും, സൂക്ഷിച്ചില്ലായിരുന്നെങ്കിൽ വീണുപോകുമായിരുന്നു എന്നുമാണ്. അതിനു ആധാരമായി അവർ ഈ വാക്യത്തെ വേറെ ഒരു രീതിയിൽ ആണ് വായിക്കുന്നത്.

**NIV** ബൈബിളിൽ ഈ വാക്യം നൽകിയിരിക്കുന്നത്: യേശുക്രിസ്തു നമുക്ക് തുല്യമായി എല്ലാ അർത്ഥത്തിലും പരീക്ഷിക്കപ്പെട്ടു എങ്കിലും, പാപം ചെയ്തില്ല (He did not sin)എന്നാണ്. പക്ഷെ ഈ വിവർത്തനം ശരിയല്ല. പാപം ഒഴികെ എന്നുതന്നെ ആണ് ഈ വാക്യം വിവർത്തനം ചെയ്യേണ്ടത്. **ESV** ബൈബിളിൽ ഈ പ്രയോഗം 'പാപം ഒഴികെ' എന്നുതന്നെ ആണ് (yet without sin). ഈ വാക്യം മലയാളം ബൈബിളിലും **ESV** അല്ലെങ്കിൽ **KJV** വിവർത്തനങ്ങളിലും കൊടുത്തിരിക്കുന്നത് ഇങ്ങനെ ആണ്. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത് (എബ്രായർ 4 :15) For we do not have a high priest who is unable to sympathize with our weaknesses, but one who in every respect has been tempted as we are, yet without sin. ESV (Hebrew 4 :15 ) നാം എന്താണ് മനസ്സിലാക്കേണ്ടത്? പാപം ചെയ്തില്ല എന്നു പറയുന്നതും പാപം ഇല്ലായിരുന്നു എന്ന് പറയുന്നതും തികച്ചും വ്യത്യസ്തമായ കാര്യങ്ങൾ ആണ്. ഊനമില്ലാത്ത കുഞ്ഞാട് എന്ന് പറഞ്ഞാൽ, തെറ്റ് ചെയ്യാത്ത എന്ന് മാത്രമല്ല, ഒരു തെറ്റും ഇല്ലാത്ത, പാപം ഇല്ലാത്ത എന്ന അർത്ഥത്തിൽ തന്നെ ആണ്.

അപ്പോൾ ഒന്നുരണ്ടു ചോദ്യങ്ങൾ അവശേഷിക്കുന്നു. യേശുവിൽ ഒട്ടും പാപം ഇല്ലായിരുന്നു. പാപമില്ലായിരുന്നു എങ്കിൽ എന്തിനായിരുന്നു ഈ പരീക്ഷണങ്ങൾ എന്ന ചോദ്യം സ്വാഭാവികമായും ഉണ്ടാവാം. എന്നാൽ യേശുവിന്റെ പരീക്ഷണങ്ങൾ യേശുക്രിസ്തു പാപം ചെയ്തു, വീണുപോകുമോ എന്ന് പരീക്ഷിക്കുന്നതിനായിരുന്നില്ല മറിച്ച് ഒരിക്കലും പാപം ഇല്ല എന്ന് തെളിയിക്കുന്നതിനായിരുന്നു. യോഹന്നാന്റെ സാക്ഷ്യം അതുതന്നെ ആയിരുന്നു. ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കാൻ ഇറങ്ങി വന്ന ദൈവത്തിന്റെ കുഞ്ഞാട് ഊനമില്ലാത്തവൻ ആയിരുന്നു.

അപ്പോൾ അടുത്ത ചോദ്യം ഇതായിരിക്കാം. യേശുക്രിസ്തുവിൽ പാപം ഇല്ലായിരുന്നു. ദൈവം ആയിരുന്നുതാനും. അപ്പോൾ നമ്മോടു എങ്ങനെ ആണ് സഹതാപം കാണിക്കാൻ കഴിയുക? നാം സാധാരണ മനുഷ്യരും പാപപങ്കിലരും ആണല്ലോ. ഇവിടെ നാം അറിഞ്ഞിരിക്കേണ്ട ഒരു വസ്തുത ഉണ്ട്. യേശുക്രിസ്തു അനുഭവിച്ച പരീക്ഷണങ്ങൾ എല്ലാം നാം അനുഭവിക്കുന്നതിനേക്കാൾ അതി കഠിനം ആയിരുന്നു. ഓരോ പ്രാവശ്യവും മരണത്തെ നിസ്സാരമാക്കിക്കൊണ്ടാണ് യേശുക്രിസ്തു അനുസരണം പൂർത്തിയാക്കിയത്. എബ്രായ ലേഖനം 12 ൽ കാണുന്നതു പോലെ, നാം ആരും പാപത്തോടു പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല. എന്നാൽ ക്രിസ്തുവോ മരണത്തോളം അനുസരണം ഉള്ളവനായിത്തീർന്നു. അനുസരിച്ചാൽ മരിക്കും എന്ന അവസ്ഥയിൽ ആയിരുന്നു ഓരോ പരീക്ഷണങ്ങളും. അവിടെ ഒക്കെയും കർത്താവു ഒരു മനുഷ്യനെ പോലെ, ദൈവം എന്ന രീതിയിൽ ഒരു ശക്തിയും ഉപയോഗിക്കാതെ ഒരു മനുഷ്യന് ദൈവം ആത്മാവിൽ നൽകുന്ന അതെ ആയുധങ്ങൾ കൊണ്ട് പോരാടി ജയിച്ചു. യേശുക്രിസ്തു പോരാടാൻ ഉപയോഗിച്ച ആത്മാവിന്റെ ആയുധങ്ങൾ എല്ലാം നമുക്ക് ഇന്ന് കർത്താവു തന്റെ ആത്മാവിലൂടെ ലഭ്യമാക്കിത്തന്നിട്ടുണ്ട്. അതുമാത്രമല്ല യേശുക്രിസ്തു ഒരു പാപ ചിന്തയും ഉള്ളിലില്ലാത്ത ആൾ ആയതിനാൽ ഓരോ പ്രാവശ്യവും സാത്താന് കർത്താവിന്റെ അടുത്ത് ചെല്ലണമായിരുന്നു. ഓരോ പ്രാവശ്യവും കർത്താവു ജയിച്ചു. അതുകൊണ്ട് കർത്താവു നമ്മെ പൂർണ്ണമായും അറിയുന്ന, സഹതാപം കാണിക്കുന്ന, നമുക്ക് മാതൃക ആയ മഹാപുരോഹിതൻ ആയി മാറിയിരിക്കുന്നു. •

രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങളുടെ ഉള്ളിൽ ജീവനില്ല" (യോഹന്നാൻ 6 :53).'എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്" (യോഹന്നാൻ 6: 54). 'എന്റെ മാംസം സാക്ഷാൽ (നിലനിൽക്കുന്ന) ഭക്ഷണവും എന്റെ രക്തം സാക്ഷാൽ (ജീവൻ നൽകുന്ന) പാനീയവും ആകുന്നു" (യോഹന്നാൻ 6: 55). ഇതൊക്കെ കേട്ട്, യേശുവിന്റെ കേഴ്വിക്കാർ ആശയക്കുഴപ്പത്തിലായതു സ്വാഭാവികം. 'നമുക്ക് തന്റെ മാംസം തിന്നേണ്ടതിനു തരുവാൻ ഇവന് എങ്ങനെ കഴിയും' (യോഹന്നാൻ 6: 52) എന്നു പറഞ്ഞു. അവർക്കു യേശുവിന്റെ വാക്കുകൾ അക്ഷരം മാത്രമായിരുന്നു. എന്നാൽ യേശു പറഞ്ഞു, 'ജീവിപ്പിക്കുന്നതു ആത്മാവാകുന്നു... മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു" (യോഹന്നാൻ 6: 63).

യേശുവിന്റെ മാംസവും യേശുവിന്റെ രക്തവും ഭക്ഷിക്കുന്ന നരഭോജികളല്ല ക്രിസ്ത്യാനികൾ. എന്നാൽ ആത്മാവിൽ, ആത്മാവായ യേശുവിനെ ഭക്ഷിക്കുന്നു... അതൊക്കെ ആത്മ യാഥാർഥ്യമാണ്, ആത്മ പ്രവൃത്തിയാണ്. യേശുവിനെ ഭക്ഷിക്കുന്നതാണ് അഥവാ വചനമാകുന്ന യേശുവിനെ ഹൃദയത്തിൽ സംഗ്രഹിക്കുന്നതാണ് യഥാർഥത്തിലുള്ള വിശ്വാസം. ഈ വിശ്വാസം ബുദ്ധിമണ്ഡലത്തിലെ വിശ്വാസമല്ല... എന്നാൽ ഇതൊരു യാഥാർഥ്യമാണ്. ഓരോ വിശ്വാസിയും അനുഭവിക്കുന്ന യാഥാർഥ്യം. യേശുവിനെ ഉള്ളിലാക്കുന്നത് ഒരു ആത്മ യാഥാർഥ്യമാണെങ്കിലും അത് അനുഭവവേദ്യമായതിനാൽ പ്രവൃത്തിപഥത്തിൽ ദൃശ്യമാവുകയും ചെയ്യും... അതായത്, യേശുവിനെ ഭക്ഷിക്കുന്നത് ഒരു ആത്മ യാഥാർഥ്യമാണെങ്കിലും വചനത്തിന്റെ വെളിപ്പാട് അംഗീകരിക്കുന്നവനിൽ അതിന്റെ പ്രതിഫലനം പ്രകടമാകുന്നത് ദൃശ്യലോകത്തിലും അറിയാം.

കർത്താവു പറഞ്ഞു: "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹന്നാൻ 6: 56). ഒന്നുകൂടെ വിശദമായി പറഞ്ഞാൽ വിശ്വാസം എന്നത് ദൈവമുണ്ടെന്നുള്ള വിശ്വാസമല്ല, യേശുവിനെ ദൈവം ഭൂമിയിലേക്കയച്ചു എന്ന വിശ്വാസം മാത്രവുമല്ല... വിശ്വാസം എന്നാൽ ഞാൻ യേശുവിലേക്കും യേശു എന്നിലേക്കും "പ്രവേശിക്കുന്ന"താണ്. പ്രവേശിക്കുക മാത്രമല്ല, ഞാൻ യേശുവിലും യേശു എന്നിലും വസിക്കുന്നതാണ് വിശ്വാസത്തിന്റെ പ്രവൃത്തി! 'വസിക്കുക'യെന്നാൽ ജീവിക്കുകയാണ്. ഞാൻ യേശുവിലും യേശു എന്നിലും ജീവിക്കുന്നു... ഞാൻ യേശുവിൽ ജീവിക്കുന്നത് ഒരു അദൃശ്യ യാഥാർഥ്യമാണ്. കാരണം, യേശു ആത്മാവാണ്! കർത്താവ് ആത്മാവാകുന്നു (2 കൊരിന്ത്യർ 3:17). എന്നാൽ യേശു എന്നിൽ ജീവിക്കുന്നത് ഒരു ആത്മ യാഥാർഥ്യം മാത്രമല്ല ഒരു ദൃശ്യയാഥാർഥ്യവുമാണ്. കാരണം എനിക്ക് ആത്മാവു മാത്രമല്ല, ശരീരവും ഉണ്ട്! എന്റെ ശരീരത്തിൽ ഇപ്പോൾ ജീവിക്കുന്നത് യേശുവാണ്. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു... ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള 'വിശ്വാസ'ത്താലത്രേ ജീവിക്കുന്നത്" (ഗലാത്യർ 2:20). ഇതാണു വിശ്വാസത്തിന്റെ പ്രവൃത്തി! ഞാൻ യേശുവിനെ ഭക്ഷിക്കുന്നതാണു വിശ്വാസം.

അപ്പോൾ ഞാൻ അവനിലേക്കും അവൻ എന്നിലേക്കും പ്രവേശിക്കുന്നു... പ്രവേശിക്കുക മാത്രമല്ല, ഞാൻ അവനിലും അവൻ എന്നിലും വസിക്കുന്നു... ഞാൻ ആത്മാവിൽ യേശുവിൽ വസിക്കുന്നു. അത് എന്നിൽ ജീവനായിത്തീരുന്നു. "ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ എന്നെ തിന്നുന്നവൻ എന്മൂലം ജീവിക്കും" (യോഹന്നാൻ 6: 57). യേശു ഭൂമിയിൽ ജീവിച്ചപ്പോൾ പിതാവ് ഭൂമിയിൽ പ്രവർത്തിക്കുകയായിരുന്നു. ഇപ്പോൾ യേശുവിനെ ഭക്ഷിച്ച ഞാൻ ഭൂമിയിൽ ജീവിക്കുമ്പോൾ, യേശു എന്നിൽ പ്രവർത്തിക്കുകയാണ്. ഇപ്പോൾ ഞാൻ എന്നിൽ ജീവിക്കുന്നില്ല. ഞാനല്ല, യേശുവാണ് എന്നിൽ ജീവിച്ചു പ്രവർത്തിക്കുന്നത്. ഇവിടെയാണ് വിശ്വാസം പ്രവൃത്തിയാകുന്നത്.

കർത്താവിനെ ആത്മാവിൽ ഭക്ഷിക്കുവാൻ ദൈവം നൽകിയ കൃപയ്ക്കായി നമുക്ക് കർത്താവിനെ സ്തുതിക്കാം, മഹത്വപ്പെടുത്താം. കർത്താവ് നമ്മിലും നാം കർത്താവിലും വസിക്കുന്ന അത്ഭുതകരമായ, അനുഗൃഹീതമായ അനുഭവം നമ്മിൽ വസിച്ചുകൊണ്ടു അവിടുന്ന് തന്റെ പ്രവൃത്തി ഭൂമിയിൽ നിർവഹിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.ദൈവം നമ്മെ സഹായിക്കട്ടെ. ●

# പരീക്ഷകളിലെ ക്രമക്കേടുകൾ

**ബി**രുദ ബിരുദാനന്തര പ്രവേശന പരീക്ഷകളിലെ ക്രമക്കേടുകൾ പുറത്തുവന്ന സംഭവത്തിൽ കേന്ദ്രസർക്കാർ നടപടി സ്വീകരിക്കണമെന്ന് ആവശ്യം വിവിധ രാഷ്ട്രീയ പാർട്ടികൾ ആവശ്യപ്പെട്ട വിവരം വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നുവല്ലോ. ഏതുകാലത്തും പരീക്ഷ എന്ന് കേട്ടാൽ ചുരുക്കം ചിലരൊഴികെ പലരും ഭയപ്പെടാറുള്ള ഒരു സംഗതിയാണ്. ഒരു ഉൾഭയത്തോടെയല്ലാതെ ആ വാക്കിനെ ഉൾക്കൊള്ളാൻ കാലങ്ങളായുള്ള പരീക്ഷാരീതികൾ വിദ്യാർത്ഥികളെ പ്രാപ്തരാക്കിയിട്ടില്ല. കാലങ്ങളായി നിലവിലുള്ള പരീക്ഷകളിൽ മിക്കതും കുട്ടികളുടെ ഓർമ്മയെ മാത്രം പരീക്ഷിക്കുന്നവയാണ്. അവരുടെ നൈപുണ്യം അളക്കുന്ന പരീക്ഷകൾ ഇന്നും തുലോം കുറവാണ്. ഓർത്തു വയ്ക്കാനുള്ള കഴിവിനെ മാത്രം ആശ്രയിച്ചുള്ള പരീക്ഷാരീതി വളരെയധികം അപരിഷ്കൃതമായതിനാൽ അവ ഉപേക്ഷിക്കണം എന്നുള്ള അഭിപ്രായം വിദ്യാഭ്യാസ വിദഗ്ധരുടെ ഭാഗത്തു നിന്നും ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു.

ഉന്നത പഠനത്തിലേക്കും ജോലിയിലേക്കും ഉള്ള ഒരു താക്കോലാണ് പരീക്ഷ എന്നുള്ളത് കൊണ്ട് തന്നെ വളരെ പ്രാധാന്യത്തോടെ വേണം പരീക്ഷാനടത്തിപ്പിനെ കാണുവാൻ. വളരെ മാനസിക സമ്മർദ്ദത്തോടെയാണ് വിദ്യാർത്ഥികളും മാതാപിതാക്കളും ഒക്കെ പരീക്ഷകളെ കാണുന്നത്. മാതാപിതാക്കളുടെ പ്രതീക്ഷകൾക്കൊത്തു മക്കൾ പരീക്ഷകളിൽ ജയിക്കാത്തതിനാൽ നിരാശരായവർ ഏറെയാണ്. ഫുൾ എ പ്ലസ് കിട്ടാത്തതിന് മകളെ അച്ഛൻ തല്ലിച്ചതച്ചു, പരീക്ഷയിൽ തോറ്റതിനാൽ വിദ്യാർത്ഥി ആത്മഹത്യ ചെയ്തു, എൻട്രൻസ് പരീക്ഷയിൽ തോറ്റതിൽ മനംനൊന്ത് വിദ്യാർത്ഥി ആത്മഹത്യക്ക് ശ്രമിച്ചു എന്നിങ്ങനെയുള്ള വാർത്തകൾ നാം സ്ഥിരമായി മാധ്യമങ്ങളിൽ കാണുന്നതും മേൽപറഞ്ഞ കാരണങ്ങൾ മൂലമാണ്.

എല്ലാ പാഠഭാഗങ്ങളും പൂർണമായി കുട്ടികൾക്ക് മനസിലാക്കിക്കൊടുക്കുവാൻ സാധിച്ചു എന്ന് അധ്യാപകർക്കോ, പഠിച്ചു എന്ന് വിദ്യാർത്ഥികൾക്കോ അവകാശപ്പെടാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഒന്നാം ക്ലാസുകാരനെ കമ്പ്യൂട്ടിങ് വിദഗ്ധനാക്കാം എന്ന് പറഞ്ഞു പല ഓൺലൈൻ പഠന ആപ്പുകളും പരസ്യം ചെയ്യുന്ന കാലമാണിത്. ജനിക്കുമ്പോൾ തൊട്ടെ മക്കളെ ഡോക്ടറും എഞ്ചിനീയറും പോലീസും കളക്ടറും ആക്കാൻ നടക്കുന്ന മാതാപിതാക്കളെ വിദഗ്ധമായി വല വീശിപിടിക്കാൻ ശ്രമിക്കുന്നുണ്ട് ഈ ഓൺലൈൻ വിദ്യഭ്യാസ വാണിഭക്കാർ. അവരുടെ മോഹന വലയത്തിൽ പെട്ടു പോകരുത്.

പഠനകാലവും പരീക്ഷകളും കുട്ടികൾക്ക് ആസ്വാദ്യമായിരിക്കണം. പഠനത്തിൻെറ കൂടെ കളിയും ചിരിയും, ഓട്ടവും ചാട്ടവും, മരംകേറ്റവും, വീണു കാലു മുറിയലും ഒക്കെ വേണം. കുറഞ്ഞ പക്ഷം ഒരു അഞ്ചാം ക്ലാസ് വരെയെങ്കിലും അത് അങ്ങനെ ആവുന്നതാണ് അവരുടെ സന്തുലിത വികസനത്തിന് സഹായകമാകുക. അതുകൊണ്ട് തന്നെ റാങ്ക് മേടിച്ചില്ലെങ്കിലും ജീവിക്കുവാനും മറ്റുള്ളവരെ സ്നേഹിക്കുവാനും പ്രതിസന്ധികളെ അതിജീവിക്കുവാനും കുട്ടികൾ പഠിച്ചാൽ മതി എന്ന നിലപാട് മാതാപിതാക്കൾ സ്വീകരിച്ചാൽ, കുട്ടികളിൽ സന്തുലിത വികസനം സാധ്യമാവും. കുട്ടി പഠിച്ചു വളർന്നു ജീവിതത്തിന്റെ ഏതു അവസ്ഥകളിലേക്കും അനായാസം നടന്നു കേറുകയും ചെയ്യും.

പരീക്ഷ ക്രമക്കേടുകൾ സംബന്ധിച്ച വിവാദം ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല. പൊതുജന രോഷത്തെ ഭയന്ന് വിദ്യാഭ്യാസ മന്ത്രാലയം പല പരീക്ഷകളും റദ്ദാക്കിയിരിക്കുകയാണ്. ആവർത്തിച്ച് സംഭവിക്കുന്ന നിരുത്തരവാദപരമായ ഈ പ്രവണത പരിഷ്കൃത സമൂഹത്തിനു ഒരിക്കലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഇതുവഴി വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകയും പൊതുപണം പാഴാവുകയുമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. അനേക വിദ്യാർത്ഥികളുടെ ഭാവിയെ പ്രതിസന്ധിയിലാക്കിയ ഈ പ്രശ്നം പരിഹരിക്കാൻ വിവിധ കോണുകളിൽ നിന്നും മുറവിളി ഉയരുന്നത് കണ്ടില്ലെന്നു നടിക്കുവാൻ പാടില്ല. ന്യായവും സുതാര്യവും വിശ്വസനീയവുമായ പരീക്ഷാ നടപടികൾ ഉറപ്പാക്കണ്ടത് അനിവാര്യമായ കാര്യമാണ്. •

# ക്രൂശിതനായ ക്രിസ്തുവിനോടുള്ള ഏകീഭാവം

**റോ**യ് ഹേസിയൻ രചിച്ച 'ദ് കാൽവറി റോഡ്' എന്ന ഗ്രന്ഥത്തിലെ ഒരു സംഭവം വായിച്ചത് ഓർക്കുന്നു. ഭക്തനായ ഒരുആഫ്രിക്കൻ മിഷനറി തന്റെ സഭയിലുള്ളവരോട് ഒരിക്കൽ പ്രസംഗിക്കവേ പറഞ്ഞ കാര്യമാണത്. അത് ഇങ്ങനെ: 'ഒരു യോഗസ്ഥലത്തേക്ക് കുന്നു കയറിപ്പോവുമ്പോൾ തന്റെ പുറകിൽ ഒരു കാൽപ്പെരുമാറ്റം കേട്ടു. താൻ തിരഞ്ഞു നോക്കിയപ്പോൾ ഒരു മനുഷ്യൻ തന്റെ മുതുകിൽ വലിയ ഒരു ഭാരവുമായി ബദ്ധപ്പെട്ട് കയറി വരുന്നത് കണ്ടു. ആ മനുഷ്യനോട് വളരെ ആർദ്രത തോന്നി മിഷനറി അദ്ദേഹത്തോട് സംസാരിക്കുവാൻ തുടങ്ങി. പെട്ടെന്ന് ആ മനുഷ്യന്റെ കരങ്ങളിലെ മുറിവുകൾ അദ്ദേഹം ശ്രദ്ധിച്ചു. അത് യേശു ആണെന്ന് മനസ്സിലാക്കി ഇങ്ങനെ ചോദിച്ചു 'കർത്താവേ ലോകത്തിന്റെ പാപം അങ്ങ് ഈ കുന്നിൻ മുകളിലേക്ക് ചുമന്നു കൊണ്ട് പോവുകയാണോ?' യേശുവിന്റെ മറുപടി ഇപ്രകാരമായിരുന്നു! 'അല്ല ലോകത്തിന്റെ പാപമല്ല, നിന്റേത് മാത്രമാണ്'.

ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ ജീവിതവുമായി നാം ഓരോരുത്തരുടെയും ജീവിതം ഏകീഭവിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ് മേൽപ്പറഞ്ഞ സംഭവം. പൗലോസ് ക്രിസ്തുവിനോടുള്ള ഏകീഭാവത്തെക്കുറിച്ച് ഇപ്രകാരം സാക്ഷീകരിക്കുന്നു. 'ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താൽ അത്രേ ജീവിക്കുന്നത്'( ഗലാത്യർ 2:20) പാപികളിൽ ഒന്നാമനായ തന്നെ രക്ഷിപ്പാൻ ആണ് യേശു സ്വർഗോന്നതികളിൽ നിന്ന് ഈ ലോകത്തിലേക്ക് വന്നതെന്ന ആഴമുള്ള അവബോധം തനിക്കുണ്ടായിരുന്നു. അതായിരുന്നു 'ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി ഇരിക്കണമെന്ന്' പൗലോസ് നിർണയിക്കാൻ കാരണം.

യേശുക്രിസ്തുവിൽ പുതിയസൃഷ്ടി ആകുന്ന ഓരോരുത്തർക്കും വേണ്ടത് ഈ നിർണയമാണ്. സ്വയത്തിന്റെയും ജഡത്തിന്റെയും ക്രൂശീകരണത്തിലൂടെ മാത്രമേ ക്രിസ്തുവിനോടുള്ള ഏകീഭാവം നമുക്ക് സുസാധ്യമാവുകയുള്ളൂ. അതിനായി നാം 'ദിവസേന ക്രിസ്തുവിനോടൊപ്പം മരിക്കേണ്ടിയിരിക്കുന്നു'. അഥവാ, നമ്മുടെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കണം. അപ്രകാരമുള്ള വ്യക്തിയെക്കുറിച്ച് പോൾ ഇങ്ങനെ രേഖപ്പെടുത്തി; 'നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു'

അതേ, നമ്മുടെ പഴയമനുഷ്യൻ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ട് മരണത്തിൽ പങ്കാളിയായെങ്കിൽ മാത്രമേ ഉയിർത്തെഴുന്നേറ്റ കർത്താവിനോടൊപ്പം നമുക്ക് നിത്യകാലം ജീവിക്കുവാനും അവിടുത്തോടൊപ്പം യുഗായുഗം വാഴുവാനും കഴിയൂ...

**-എംസി**


നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*Bank Account Details:*
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.07.2024

NERVEEDHI -JULY 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ




എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336,8547916678

ഇപ്പോൾ ലഭ്യമാണ്

വചനം പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്
ഏറ്റവും പ്രയോജനപ്രദമായ ക്രിസ്തീയ മാസിക

# നേർവീഥി

വായിക്കുക... വരിക്കാരാവുക

SOUTH INDIAN Bank

RIGHTEOUS PATH PUBLICATION TRUST

Vpa Id:qr.nerveedhi@sib

BHIM UPI

Scan and Pay using any UPI App

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.